OCTOBER 2023
Volume 56
Issue 1

10 ഈസോഫ് ഡൂയിംഗ് ബിസിനസ്: ഇന്ത്യയുടെ സാധ്യകളും കേരളത്തിന്റെ റാങ്കിംഗും

26 പ്രവർത്തനലാഭം കൈവരിച്ച് ചരിത്രനേട്ടവുമായി കൊച്ചി മെട്രോ

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം
VYAVASAYA KERALAM

## കേരളീയം
## Keraleeyam

## കേരളത്തിന്റെ ഉത്സവം




ആഘോഷങ്ങൾക്ക്
മധുരം പകരാൻ സൂരജും
നിങ്ങളോടൊപ്പം
SURAJ
FOODS
VERMICELLI
PAYASAM MIX
SADHYA PALADA
PAYSAM MIX
സദ്യ പാലട
പായസം മിക്സ്
INSTANT
IDIYAPPAM
(RICE)
RAVA KESARI MIX
റവ കേസരി മിക്സ്
Suraj
Matta Palada
RICE FRYLETS
(RED CHILLI)
RICE PAPPADAM
അരി പപ്പടം
www.surajfoods.in

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ഒക്ടോബർ 2023 | പുസ്തകം 56 | ലക്കം 1
October 2023 | Volume 56 | Issue 1

# ഉള്ളടക്കം

06 'കേരളീയം' കേരളത്തിന്റെ ഉത്സവം
പിണറായി വിജയൻ, മുഖ്യമന്ത്രി

10 ഈസോഫ് ഡുയിംഗ് ബിസിനസ്: ഇന്ത്യയുടെ സാധ്യകളും കേരളത്തിൻറെ റാങ്കിംഗും
റ്റി. എസ്. ചന്ദ്രൻ

14 ശക്തി വനിതാ സംരംഭകത്വ പദ്ധതി
ആഷിക്ക്. കെ.പി

18 കുടിവെള്ളം ഭാവിയുടെ സംരംഭം
ഡോ. ബൈജു നെടുങ്കേരി

22 എം എൽ എം വടിയെടുത്ത് കേരളം
എഴുമാവിൽ രവീന്ദ്രനാഥ്

26 പ്രവർത്തനലാഭം കൈവരിച്ച് ചരിത്രനേട്ടവുമായി കൊച്ചി മെട്രോ
മനോജ് മാതിരപ്പള്ളി

31 മാറുന്ന ട്രെൻഡുകൾ
പാർവതി. ആർ. നായർ

34 റബ്ബർ വ്യവസായം മാറ്റത്തിന്റെ പാതയിൽ
ലോറൻസ് മാത്യു

38 പൈപ്പ് ഫിറ്റിംഗ്സുകളുടെ വിപണി പിടിച്ചടക്കി 'സ്പിൻടെക്'

44–51 വ്യവസായ വാർത്തകൾ












# മുഖക്കുറിപ്പ്

**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

# സംരംഭങ്ങൾക്കും, സംരംഭകർക്കും പ്രോൽസാഹനമായി എം.എസ്.എം.ഇ. സംസ്ഥാന അവാർഡുകൾ 2023

**2022-23** സാമ്പത്തിക വർഷം സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിൻറെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് രൂപം നൽകി. ഈ പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിൻറെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി പുതിയ സംരംഭങ്ങൾ ഇന്ന് കേരളത്തിൽ ഉയർന്നു വരുന്നുണ്ട്. ഇങ്ങനെ ഉയർന്നു വരുന്ന സംരംഭങ്ങളുടെ വിജയവും, സുസ്ഥിരതയും ഉറപ്പാക്കുന്നതിനും സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുന്നതിൻറെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് വ്യവസായ വകുപ്പ് നല്കുന്ന സംസ്ഥാന അവാർഡുകൾ-2023. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം, ലാർജ് ആൻഡ് മെഗാ കാറ്റഗറിയിൽ ഉൽപ്പാദന/സേവന/വ്യാപാര മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ, കയറ്റുമതി അധിഷ്ഠിത സംരംഭങ്ങൾ, ഉല്പാദന സ്റ്റാർട്ടപ്പുകൾ, വനിതാ/പട്ടിക ജാതി/ പട്ടിക വർഗ്ഗ/ ട്രാൻസ്ജെൻഡർ സംരംഭങ്ങൾ എന്നിവയ്ക്കും പുരസ്കാരങ്ങൾ നല്കാൻ ഉദ്ദേശിക്കുന്നു. ഇവ കൂടാതെ സംസ്ഥാനത്തെ വ്യവസായ വാണിജ്യ മേഖലയ്ക്കും സമൂഹത്തിനും നല്കിയ മികച്ച സംഭാവനകളെ മുൻനിർത്തി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും നല്കുന്നതാണ്. 2021-22 സാമ്പത്തിക വർഷം വരെയുള്ള പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് മികച്ച സംരംഭങ്ങളെ തിരഞ്ഞെടുക്കുക.

സംരംഭങ്ങൾക്ക് നല്കുന്ന അവാർഡുകൾക്ക് പുറമെ സംരംഭക വർഷം 2022-23 പദ്ധതിയുടെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവച്ച ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പുരസ്കാരങ്ങൾ നല്കുന്നതാണ്. വസ്തുനിഷ്ഠവും സുതാര്യവുമായ ഓൺലൈൻ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് അവാർഡിന് അർഹരായ സംരംഭങ്ങളെയും ജില്ലാ വ്യവസായ കേന്ദ്രങ്ങളെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും തിരഞ്ഞെടുക്കുന്നത്.

സംരംഭക വർഷം 2022-23 പദ്ധതിയുടെ ഭാഗമായി ജില്ലാ തലത്തിലും തദ്ദേശ തലത്തിലും രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ എണ്ണം, സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണം, ഇവയുടെ മൊത്ത നിക്ഷേപം, വ്യവസായ പാർക്കുകളുടെ വിവരങ്ങൾ, മറ്റു പദ്ധതികളുടെ പ്രവർത്തനങ്ങൾ, തുടങ്ങിയ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്കോറിംഗ് മാനദണ്ഡം ഉപയോഗിച്ചാണ് മികച്ച ജില്ലാ വ്യവസായ കേന്ദ്രങ്ങളെയും തദ്ദേശ സ്ഥാപനങ്ങളെയും തിരഞ്ഞെടുക്കുന്നത്.

സംരംഭങ്ങൾക്ക് വളരാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംരംഭങ്ങളുടെ സംഭാവനകളെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നതിലൂടെ മറ്റുള്ള സംരംഭങ്ങൾക്കും സംരംഭകർക്കും മികവിനായി പരിശ്രമിക്കാൻ വേണ്ടിയുള്ള പ്രചോദനവും കൂടിയാണ് അവാർഡ് - 2023 ലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ■

ഒപ്പ്
**ചീഫ് എഡിറ്റർ**


**വ്യവസായ കേരളം**

**ചീഫ് എഡിറ്റർ**
**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ,
വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബിജു പി.ബി.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സുചിത്ര ഭാസ്കർ,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഡോണാമോൾ ഈനാസ്,
അരുൺ എസ്.,
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ



ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.



**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# ബാധ്യതയല്ല; നാടിന്റെ നട്ടെല്ലാണ് പൊതുമേഖല

**പൊതുമേഖലയെ** ഒരു ബാധ്യതയെന്ന നിലയിൽ കാണുന്ന സമീപനത്തിന് വിപരീത ദിശയിൽ സഞ്ചരിക്കുകയും രാജ്യത്തിന് വഴി കാട്ടുകയും ചെയ്യുന്ന സംസ്ഥാന മാണ് കേരളം. പൊതുമേഖലയെ നിലനിർത്തുക എന്ന കേവല ഉത്തരവാദിത്വമല്ല എൽ.ഡി. എഫ് സർക്കാർ നിറവേറ്റുന്നത്. മറിച്ച് നിലവിലുള്ള പൊതുമേഖലയെ നവീകരിച്ചും ശക്തിപ്പെടുത്തിയും പുതിയ മേഖലയിലേക്ക് വ്യാപിപ്പിക്കുക എന്നതാണ് സർക്കാർ വിജയകരമായി നടപ്പാക്കുന്നത്. കാലത്തിനനുസരിച്ച് പൊതുമേഖലയെ നവീകരിക്കുന്നതിന് ബഹുമുഖ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇവയിൽ സുപ്രധാനമായ ഒരു ചുവടുവെയ്പാണ് റിയാബ് പുനഃസംഘടിപ്പിച്ച് ബിപി.ടിക്ക് രൂപം നൽകിയ നടപടി. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്ന തിനായി മുൻ ചീഫ് സെക്രട്ടറി പോൾ ആന്റണിയുടെ നേതൃത്വത്തിൽ നിയോഗിച്ച വിദഗ്ധ സമിതിയുടെ ശുപാർശപ്രകാരമാണിത്. പുതുതായി രൂപം നൽകിയ ബി.പി.ടിയുടെ ചെയർമാനായി ബി.പി.സി.എൽ കൊച്ചി റിഫൈനറിയുടെ മുൻ എക്സിക്യൂട്ടിവ് ഡയറക്ടർ കെ.അജിത് കുമാറിനേയും മെമ്പർ സെക്രട്ടറിയായി പി. സതീഷ് കുമാറിനേയും നിയമിച്ചു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും സാങ്കേതിക-സാമ്പത്തിക - മാനേജ്മെന്റ് മേഖലകളിൽ പിന്തുണ നൽകുകയുമായിരുന്നു റിയാബിന്റെ പ്രധാന ചുമതല. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വത്തോട് കൂടിയ പ്രവർത്തന സ്വയം ഭരണാധികാരം നൽകുന്നതിന് പോൾ ആന്റണി കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. റിയാബ് പുനഃസംഘടിപ്പിച്ച് ബോർഡ് ഫോർ പബ്ളിക് സെക്ടർ ട്രാൻസ്ഫർമേഷൻ രൂപീകരിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നടപടി. ചെയർമാനും മെമ്പർ സെക്രട്ടറിക്കും പുറമേ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും മൂന്ന് വിദഗ്ധരും ബോർഡിൽ അംഗങ്ങളാണ്. മാനേജ്മെന്റ്, ധനകാര്യം, സാങ്കേതികം എന്നീ മേഖലകളിൽ നിന്നുള്ള വിദഗ്ധ അംഗങ്ങളെ സർക്കാർ പിന്നീട് നാമനിർദ്ദേശം ചെയ്യും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ്, അക്കൗണ്ടിംഗ് എന്നീ പ്രവർത്തനങ്ങൾക്കായാണ് 1990 ൽ റിയാബിന് രൂപം നൽകിയത്. കൂടുതൽ മേൽനോട്ടാധികാരത്തോടെ പിന്നീട് ശാക്തീകരിക്കുകയായിരുന്നു. കാലാനുസൃതമായി ഈ മേൽനോട്ട സംവിധാനം നവീകരിക്കുന്നതോടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രൊഫഷണൽ മികവ് കൈവരിക്കാനാകും.

ഇതോടൊപ്പം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡുകളും പ്രഖ്യാപിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ മികച്ച പൊതു മേഖലാ സ്ഥാപനം, മികച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ /മാനേജിംഗ് ഡയറക്ടർ എന്നീ പുരസ്കാരങ്ങൾക്കൊപ്പം വ്യവസായ മേഖലയെക്കുറിച്ചുള്ള മികച്ച റിപ്പോർട്ടിംഗിനായി ഏർപ്പെടുത്തിയ മാധ്യമ അവാർഡുകളും പ്രഖ്യാപിച്ചു. അവാർഡ് ജേതാക്കളെ അഭിനന്ദിക്കുന്നതിനൊപ്പം കൂടുതൽ മികവോടെ പ്രവർത്തിച്ച് അടുത്ത വർഷം പുരസ്കാരത്തിനർഹത നേടാൻ പൊതുമേഖലയിലെ ഏവർക്കും ഇത് പ്രചോദനമാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു. ■



കേരളീയം
Keraleeyam

**കേരളത്തിന്റെ മഹോത്സവം**
നവംബർ 1-7, തിരുവനന്തപുരം

# 'കേരളീയം'
## കേരളത്തിന്റെ ഉത്സവം

**പിണറായി വിജയൻ, മുഖ്യമന്ത്രി**

കേരളപ്പിറവി ദിനമായ നവംബർ ഒന്ന് മുതൽ ഒരാഴ്ചക്കാലം നമ്മുടെ തലസ്ഥാന നഗരിയിൽ 'കേരളീയം 2023' മഹോത്സവം നടക്കുകയാണ്. കേരളം ഒരു സംസ്ഥാനം എന്ന നിലയ്ക്ക് ആർജ്ജിച്ച സമസ്ത നേട്ടങ്ങളും സാംസ്കാരിക തനിമയും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതാണ് കേരളീയം കൊണ്ട് ഉദ്ദേശിക്കുന്നത്.

ലോകത്തുതന്നെ അത്യപൂർവം ഭാഗങ്ങളിലുള്ള ദേശങ്ങൾക്കു മാത്രം സ്വായത്തമാക്കാൻ കഴിഞ്ഞ നേട്ടങ്ങളുള്ള നാടാണ് നമ്മുടേത്. ചരിത്രപരമായ പ്രത്യേകതകൾ കൊണ്ടും സാംസ്കാരിക സവിശേഷതകൾ കൊണ്ടും ആർജിച്ച നേട്ടങ്ങൾ കൊണ്ടുമൊക്കെ കേരളം വേറിട്ടുനിൽക്കുന്നു. അങ്ങനെയുള്ള ഒരു നാടിനെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുക എന്നതാണ്



'കേരളീയം 2023' മുന്നോട്ടുവയ്ക്കുന്ന ആശയം.

'കേരളീയത' ഒരു വികാരമാവണം. ആ വികാരത്തിൽ കേരളീയരാകെ ഒരുമിക്കണം. തീർച്ചയായും ഭാരതീയതയുടെ ഭാഗമായിത്തന്നെ നിൽക്കുന്ന, ഭാരതത്തിനാകെ അഭിമാനം നൽകുന്ന, കേരളീയത എന്താണെന്ന് ലോകമറിയണം. കേരളീയത്തിലേക്കു ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായി നൊബേൽ ജേതാക്കളടക്കമുള്ള അതിപ്രഗത്ഭർ എത്തുകയാണ്. ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള പ്രമുഖരുടെ സാന്നിധ്യം നമുക്ക് പ്രയോജനപ്പെടുത്തണം. അവർ തിരികെപ്പോയി കേരളത്തെക്കുറിച്ച് സ്വന്തം നാടുകളിൽ പറയുന്നത്, എഴുതുന്നത് ഒക്കെ കേരളത്തിന്റെ ഭാവിക്കും വളരെയേറെ പ്രയോജനപ്പെടും.

മാറുന്ന കാലത്തിനനുസരിച്ച് അതിവേഗം മുന്നോട്ടു നീങ്ങുന്ന സമൂഹമാണ് കേരളം. ഒട്ടേറെ കാര്യങ്ങളിൽ ഇപ്പോൾത്തന്നെ നമ്മൾ ലോകത്തിനു മാതൃകയാണ്. സാക്ഷരത, പൊതുജനാരോഗ്യം, ആയുർദൈർഘ്യം, മാതൃ-ശിശു മരണനിരക്കിലെ കുറവ്, ക്ഷേമ പെൻഷനുകൾ, കലാ-സാഹിത്യ സാംസ്കാരിക മികവ്, വിദ്യാഭ്യാസ - ആരോഗ്യ രംഗങ്ങളിലെ ആധുനിക സംവിധാനങ്ങൾ, സ്ത്രീ - പുരുഷ സമഭാവന, ട്രാൻസ്ജെൻഡറുകളെ അടക്കം ഉൾച്ചേർക്കുന്ന പുരോഗതി, അധികാര വികേന്ദ്രീകരണം, ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും നിർവഹണവും, ഉയർന്ന ജീവിത നിലവാരം, ശാസ്ത്രബോധം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ നമ്മുടേതായുണ്ട്.

ഇതിനൊപ്പം, ഭേദചിന്തകൾക്കതീതമായ സാമൂഹികാവബോധം, സമഭാവന, മതനിരപേക്ഷത, പാരസ്പര്യത്തിലൂന്നിയ സാമൂഹികാന്തരീക്ഷം, സമാധാനാന്തരീക്ഷം എന്നിവയും നമ്മുടെ പ്രത്യേകതകളാണ്. ഇങ്ങനെ ഭൗതികവും മാനസികവുമായ പുരോഗതി ഒരുപോലെ ആർജിച്ച സമൂഹമാണ് കേരളം. ഈ പ്രത്യേകതകൾ ലോകമറിയുന്നതിന് 'കേരളീയം 23' ഉപകരിക്കും.

ഇരുട്ടിലായിപ്പോയ ഒരു ഭൂതകാലമുണ്ടായിരുന്നു നമുക്ക്. അവിടെനിന്നും നവോത്ഥാന - പുരോഗമന - രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നമ്മളെ വെളിച്ചത്തിലേക്ക് കൈപിടിച്ചു നടത്തി. മനുഷ്യനെ മനുഷ്യനായി കാണാനും മനുഷ്യാന്തസ്സിന്റെ



മഹത്വം മനസ്സിലാക്കാനും ആ സാമൂഹിക മുന്നേറ്റങ്ങൾ നമ്മളെ സഹായിച്ചു. ഐക്യകേരളം രൂപപ്പെടുമ്പോൾ തന്നെ, സമൃദ്ധമായ ഈ ചരിത്രം ഭാവികേരളം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടിന് വലിയ സംഭാവന നൽകിയിരുന്നു. അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാകും കേരളീയം.

മലയാളിസമൂഹം എന്നത് കേരളത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. ഭൂഖണ്ഡാന്തരങ്ങളിലേക്ക് ആ സമൂഹം വളർന്നു പന്തലിച്ചു. ലോകമലയാളി എന്നുള്ള സങ്കൽപ്പം തന്നെ ഉയർന്നുവന്നു. എത്തിച്ചേർന്ന ദേശങ്ങളിലെല്ലാം ആ നാടിന്റെ സാമൂഹിക മുന്നേറ്റത്തിൽ മലയാളി സമൂഹവും വലിയ പങ്കുവഹിച്ചു. ആ നാടുകൾക്ക് നമ്മളോട് വലിയ താൽപര്യമുണ്ട്.

**മലയാളിസമൂഹം എന്നത് കേരളത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. ഭൂഖണ്ഡാന്തരങ്ങളിലേക്ക് ആ സമൂഹം വളർന്നു പന്തലിച്ചു. ലോകമലയാളി എന്നുള്ള സങ്കൽപ്പം തന്നെ ഉയർന്നുവന്നു. എത്തിച്ചേർന്ന ദേശങ്ങളിലെല്ലാം ആ നാടിന്റെ സാമൂഹിക മുന്നേറ്റത്തിൽ മലയാളി സമൂഹവും വലിയ പങ്കുവഹിച്ചു.**



സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ അന്യനാടുകളുമായി വാണിജ്യബന്ധം നമ്മൾ കാത്തുസൂക്ഷിച്ചിരുന്നു. ആ ബന്ധത്തിലൂടെ വന്നിറങ്ങിയത് വാണിജ്യ വസ്തുക്കൾ മാത്രമല്ല, ലോകത്തിന്റെ പല കോണുകളിലുണ്ടായ സംസ്കാരങ്ങൾ കൂടിയാണ്. അവയിലെ നല്ല അംശങ്ങളെ സ്വാംശീകരിക്കാനും നമ്മുടെ നാടിന്റെ സവിശേഷതകൾ മറ്റുള്ളവർക്ക് പകർന്നുനൽകാനും കഴിഞ്ഞിട്ടുണ്ട്. സമ്പന്നമായ ഈ സാമൂഹിക - സാംസ്കാരിക പൈതൃകവും സവിശേഷമായ പ്രകൃതിസൗന്ദര്യവും ലോകത്തിനു മുന്നിൽ നന്നായി അവതരിപ്പിക്കേണ്ടതുണ്ട്.

ലോകം ശ്രദ്ധിച്ച കേരളവികസന മാതൃകയുടെ നേട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ട് പുതിയ കാലത്തിന്റെ വെല്ലുവിളികളെ കേരളം ഏറ്റെടുക്കുകയാണ്. നാലാം വ്യാവസായിക വിപ്ലവവും നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗുമെല്ലാം ലോകത്തിന്റെ ചിന്താഘടനയെ തന്നെ മാറ്റിമറിക്കുന്ന ഈ ഘട്ടത്തിലാണ് കേരളം ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി പരിണമിക്കാൻ ഒരുങ്ങുന്നത്. കേരളം മുന്നോട്ടുവയ്ക്കുന്ന ബദൽ വികസന

മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കാനും, ലോക വൈജ്ഞാനിക രംഗത്തു നിന്നും കൂടുതൽ കാര്യങ്ങൾ ഉൾക്കൊള്ളാനും, പുത്തൻ അറിവിന്റെയും അവസരങ്ങളുടെയും ലോകം എന്തെന്ന് തിരിച്ചറിയാനും കേരളീയം വഴിയൊരുക്കും.

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും അതിലടങ്ങിയിരിക്കുന്ന ക്ലാസിക്കൽ കലാരൂപങ്ങളെയും പ്രാക്തന കലാരൂപങ്ങളെയും ലോകം മനസ്സിലാക്കും. കേരളത്തിന്റെ സമഗ്രമായ വികസന കാഴ്ചപ്പാടിനെ കേരളീയം ഉത്തേജിപ്പിക്കുകതന്നെ ചെയ്യും. അങ്ങനെ അടുത്ത 25 വർഷത്തിൽ വികസിത മധ്യവരുമാന രാജ്യങ്ങളുടെ ജീവിത

**കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും അതിലടങ്ങിയിരിക്കുന്ന ക്ലാസിക്കൽ കലാരൂപങ്ങളെയും പ്രാക്തന കലാരൂപങ്ങളെയും ലോകം മനസ്സിലാക്കും.**




നിലവാരത്തിലേക്ക് എത്തുക എന്ന കേരളത്തിന്റെ ലക്ഷ്യത്തിന് അത് ഊർജ്ജം പകരും.

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടാനുള്ള പ്രചാരണങ്ങൾ ഉണ്ടാകുന്ന കാലമാണിത്. മതനിരപേക്ഷമായി നിലനിൽക്കുന്ന നമ്മുടെ സമൂഹം കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടി അവിടേക്ക് വർഗ്ഗീയതയുടെ വിഷം കുത്തിവയ്ക്കാനാണ് ചില ശക്തികൾ ശ്രമിക്കുന്നത്. ഇതെല്ലാം വെറും കുപ്രചരണങ്ങൾ മാത്രമാണെന്നും യഥാർത്ഥ കേരളം എന്തെന്നും ലോകസമക്ഷം ഉയർത്തിക്കാട്ടാൻ കേരളീയത്തിനു കഴിയും.

കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു മഹോത്സവമാണ് നടക്കാൻ പോകുന്നത്. കേരളീയർ എന്ന നിലയിലുള്ള നമ്മുടെ അഭിമാനബോധം വർദ്ധിപ്പിക്കുന്ന ഒന്നാവും കേരളീയം. വരാൻ പോകുന്ന കാലത്ത് ലോകരംഗത്ത് കേരളത്തിന്റെ സ്വീകാര്യത ഉയർത്തുന്ന മഹത്തായ സംരംഭം എന്ന നിലയ്ക്കാണ് ജനമനസ്സിൽ കേരളീയം സ്ഥാനംപിടിക്കാൻ പോകുന്നത്. കേരളപ്പിറവി ദിനമായ നവംബർ ഒന്ന് മുതൽ ഒരാഴ്ചക്കാലം നമ്മുടെ തലസ്ഥാന നഗരിയിൽ 'കേരളീയം 2023' മഹോത്സവം നടക്കുകയാണ്. കേരളം ഒരു സംസ്ഥാനം എന്ന നിലയ്ക്ക് ആർജ്ജിച്ച സമസ്ത നേട്ടങ്ങളും സാംസ്കാരിക തനിമയും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതാണ് കേരളീയം കൊണ്ട് ഉദ്ദേശിക്കുന്നത്.



റ്റി. എസ്. ചന്ദ്രൻ



## ഈസോഫ് ഡൂയിംഗ് ബിസിനസ്:

# ഇന്ത്യയുടെ സാധ്യകളും കേരളത്തിൻറെ റാങ്കിംഗും




**ഈസ്** ഓഫ് ഡൂയിങ് ബിസിനസിന്റെ റാങ്കിങ്ങിൽ ഇന്ത്യ 63 -ാം സ്ഥാനത്താണ് ഇപ്പോൾ. 130 – ൽ നിന്നുമാണ് ഈ ഉയർച്ച. സംസ്ഥാന റാങ്കിങ്ങിൽ കേരളം പതിനഞ്ചാം സ്ഥാനത്തിന് അർഹനായിരിക്കുന്നു. വ്യവസായ സമൂഹം പ്ര ത്യേകിച്ചും പൊതുസമൂഹം സാധാരണ നിലയിലും ചർച്ച ചെയ്യപ്പെടുന്ന ഒരു പ്രധാന വിഷയമാണ് ഇത് . 28–ാം റാങ്കിൽ നിന്നുമാണ് കേരളം പതിനഞ്ചാം സ്ഥാനത്തേക്ക് ഉയർന്നത് എന്നുകൂടി ഓർക്കണം. ജനങ്ങളുടെ ജീവിത നിലവാരം സമ്പത്ത് വ്യവസ്ഥയിൽ നിലനിൽക്കുന്ന ബിസിനസ് സാഹചര്യത്തെ അനുസരിച്ച് വ്യത്യാസപ്പെടുന്നു. മികച്ച ബിസിനസ് അന്തരീക്ഷം ആരോഗ്യകരമായ ഒരു സമ്പദ് വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ്. മികച്ച ഒരു സ്റ്റാർട്ടപ്പ് എക്കോ സിസ്റ്റം ഉണ്ടാക്കിയെടുക്കുന്നതിന് മികച്ച വ്യവസായ അന്തരീക്ഷം ആവശ്യമാണ്. ഇത്തരത്തിലുള്ള ബിസിനസ് നിലവാരം പരിശോധിക്കുകയാണ് EODB ബിസിനസ് ചെയ്യുന്നത്.

## എന്താണ് ഈസോഫ് ഡൂയിങ് ബിസിനസ് ?

ഒരു ബിസിനസ് തുടങ്ങുക, നടത്തുക, ആവശ്യമെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുക ഇവയ്ക്കുള്ള നടപടിക്രമങ്ങൾ എത്രമാത്രം എളുപ്പമാണ് എന്നുള്ളതാണ് EODB പരിശോധിക്കുന്നത്. അതുകൊണ്ട് ബിസിനസ് എളുപ്പമാക്കാനുള്ള എല്ലാ നിയമപരമായ വഴികളും

സ്വീകരിക്കുകയാണ് സർക്കാരുകൾ ചെയ്തുവരുന്നത്. ബിസിനസിന്റെ നടപടിക്രമങ്ങൾ സുതാര്യവും വ്യവസ്ഥാപിതവും സമയബന്ധിതവും കുറഞ്ഞ ചിലവിലും നടത്തുവാൻ കഴിയണം. ഇതിനുള്ള സാഹചര്യങ്ങൾ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഇവിടെ EODB ചെയ്യുന്നത്. 2006 മുതലാണ് വേൾഡ് ബാങ്ക് ലോക സമ്പദ് വ്യവസ്ഥയെ ഈ സോഫ് ഡൂയിങ് ബിസിനസിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നൽകുവാൻ തുടങ്ങിയത്. 12 മാനദണ്ഡങ്ങളാണ് ഇപ്പോൾ റാങ്കിങ്ങിനായി പരിഗണിക്കുന്നത്.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ മാനദണ്ഡങ്ങൾ

1. ബിസിനസ് ആരംഭിക്കുക- നടപടിക്രമങ്ങൾ, സമയം, ചെലവ്, ക്യാപിറ്റൽ തുടങ്ങിയവ.
2. നിർമ്മാണ അനുമതികൾ- നടപടിക്രമങ്ങൾ, സമയം, ചിലവ്, ഒരു വെയർഹൗസ് നിർമ്മിക്കാനുള്ള സമയം എന്നിവ
3. വൈദ്യുതി ലഭ്യമാക്കൽ- നടപടിക്രമങ്ങൾ സമയം സ്ഥിരം കണക്ഷന് വേണ്ടി വരുന്നചിലവ് തുടങ്ങിയവ.
4. വസ്തു രജിസ്ട്രേഷൻ- വാണിജ്യ റിയൽ എസ്റ്റേറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം സമയം ചെലവ് എന്നിവ
5. വായ്പകൾ നേടുക- നിയമപരമായി വായ്പ അവകാശ സൂചികയുടെ പിൻബലം.
6. നിക്ഷേപകരെ സംരക്ഷിക്കുക- കോർപ്പറേറ്റ് നിയമങ്ങൾ, ഷെയർ എടുക്കുന്നവരുടെ സംരക്ഷണം എന്നിവ
7. നികുതി അടയ്ക്കൽ പ്രക്രിയ- ആകെ നികുതി നിരക്ക്, സംവിധാനം, സമയം തുടങ്ങിയ എല്ലാവിധ ടാക്സ് നിയന്ത്രണങ്ങളും
8. അതിർത്തികൾക്കപ്പുറമുള്ള വ്യാപാരം, കയറ്റുമതി, ഇറക്കുമതി ഇവ ചെയ്യാനുള്ള ചെലവ് സമയം താരതമ്യമേന്മകൾ.
9. കരാറുകൾ പാലിക്കുക- ഒരു കരാർ നടപ്പാക്കുന്നതിലെ നടപടിക്രമങ്ങളും ചെലവും സമയവും.
10. പാപ്പരത്വം സ്പഷ്ടമാക്കൽ (Resolving insolvency) നിയമപരമായ നടപടികളുടെ സുതാര്യത സമയം ചെലവ്.
11. തൊഴിലാളികളുടെ ശാക്തീകരണം, തൊഴിൽ നിയമങ്ങളിലെ വഴക്കം, സ്വീകാര്യത.



12. ഗവൺമെന്റുമായി കരാറിൽ ഏർപ്പെടൽ, പൊതുസംഭരണ നയം അനുസരിച്ച് പങ്കാളിയാകാനുള്ള നടപടികൾ സമയം എന്നിവ

ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യങ്ങളിലെ സമ്പത്ത് വ്യവസ്ഥകൾ തമ്മിലും, രാജ്യത്തിനകത്ത് സംസ്ഥാനങ്ങൾ തമ്മിലും ആരോഗ്യകരമായ ഒരു മത്സരമാണ് നടക്കുന്നത്. റാങ്കിംഗ് ഉയർത്തേണ്ടത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിനകത്ത് ജില്ലകൾ തമ്മിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലോ ബാധകമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംഗ് വിലയിരുത്താവുന്നതും അപ്രകാരം നിശ്ചയിച്ച് അംഗീകാരങ്ങൾ നൽകാവുന്നതുമാണ്.

## EODB ബിസിനസിന്റെ പ്രാധാന്യം

ഒരു രാജ്യത്തിൻറെ വികസനം ആ രാജ്യത്ത് നിലനിൽക്കുന്ന വ്യവസായ അന്തരീക്ഷത്തെ ആശ്രയിച്ചിരിക്കുന്നു. മെച്ചപ്പെട്ട വ്യവസായ അന്തരീക്ഷം ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. അസംസ്കൃത വസ്തുക്കൾ സംസ്കരിച്ചെടുത്ത് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ആക്കുമ്പോഴാണ് അത് സമ്പദ്‌വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുന്നത്. ഉൽപാദനം, വിതരണം, വിപണനം എന്നീ രംഗങ്ങളിൽ എല്ലാം വളർച്ച ഉണ്ടാകേണ്ടതുണ്ട്. ഇത്തരം മേഖലകളിലെ വളർച്ച അളന്നു നോക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഡിജിറ്റൽ മാർക്കറ്റിംഗ്, ഓൺലൈൻ സർവീസുകൾ, റോബോട്ടിക് ആപ്ലിക്കേഷൻ, മെഷീൻ ലേണിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ സാങ്കേതികവിദ്യകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് മികച്ച ഇൻകുബേഷൻ സൗകര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഇത്തരം സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വ്യവസായ രംഗം ശക്തി പ്രാപിക്കുന്നതിനും അതിനു തടസ്സം നിൽക്കുന്ന ഘടകങ്ങളെ ഒഴിവാക്കുക തന്നെ വേണം. അതിനുള്ള അവസരമാണ് EODB പ്രധാനം ചെയ്യുന്നത്.

## മാക്രോ സാമ്പത്തിക സ്ഥിതി പരിഗണിക്കുന്നില്ല

ഒരു രാജ്യത്ത് നിലനിൽക്കുന്ന മൊത്ത സാമ്പത്തിക സ്ഥിതി EODB ബിസിനസ്സിൽ പരിഗണിക്കുന്നില്ല. ആഗോള സാമ്പത്തിക സംവിധാനം, തദ്ദേശീയ സാമ്പത്തിക സ്ഥിതി സർക്കാരിന്റെ സാമ്പത്തിക നിലവാരം എന്നിവയും പരിഗണിക്കുന്നില്ല. തൊഴിലിന്റെ സ്ഥിതി, അഴിമതി, ദാരിദ്ര്യം, സ്ഥിരത, പരിസ്ഥിതി, ധനവിപണി, ഐപിആർ, എന്നിവയും പരിഗണിക്കുന്ന വിഷയങ്ങൾ അല്ല.



**മെച്ചപ്പെട്ട വ്യവസായ അന്തരീക്ഷം ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. അസംസ്കൃത വസ്തുക്കൾ സംസ്കരിച്ചെടുത്ത് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ആക്കുമ്പോഴാണ് അത് സമ്പദ്വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുന്നത്.**

## ഇന്ത്യ 63 – ആം റാങ്കിൽ

EODB ബിസിനസ്സിൽ ഇന്ത്യയുടെ റാങ്ക് 63 ആയി ഉയർന്നിരിക്കുന്നു. 130 സ്ഥാനത്തായിരുന്നു ഇന്ത്യ. പ്രധാന ലോക റാങ്കിംഗ് ഇപ്രകാരമാണ്.

1 സിംഗപ്പൂർ

2 ഹോങ്ങ്കോങ്ങ് (ചൈന)

3 നൂസിലന്റ്

4 യൂ എസ്

5 ഡെൻമാർക്ക്

63. ഇന്ത്യ

ഇന്ത്യയുടെ റാങ്കിംഗ് അൻപതായി ഉയർത്തണമെന്നാണ് പ്രധാനമന്ത്രി ആവശ്യപ്പെട്ടിരിക്കുന്നത് ഇതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

## ഇന്ത്യയിലെ റാങ്കിംഗ്

മേൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും റാങ്കിംഗ് നടത്തുന്നത് ആഭ്യന്തര വ്യാപാര വ്യവസായ പ്രോത്സാഹന വകുപ്പാണ്. (Department for promotion of industry and internal trade). അതിൻറെ അടിസ്ഥാനത്തിൽ 2022ൽ സംസ്ഥാനങ്ങളിലെ പ്രധാന റാങ്കിംഗ് ഇപ്രകാരം നിശ്ചയിച്ചിരിക്കുന്നു.

1 ആന്ധ്രപ്രദേശ്

2 ഹരിയാന

3 കർണാടക

4 പഞ്ചാബ്

5 തമിഴ്നാട്

6 തെലുങ്കാന

15 കേരളം

ഇന്ത്യ ഗവൺമെൻറ് നിർദ്ദേശിച്ച 187 പരിഷ്കാരങ്ങളിൽ 157 എണ്ണവും നടപ്പാക്കിയ കേരളത്തിൻറെ റാങ്കിംഗ് പതിനഞ്ചായി ഉയർന്നിരിക്കുന്നു എന്നതാണ് സന്തോഷകരം

## കേരളം ഏറെ മുന്നോട്ടുപോയി

2017 –18 മുതൽ നിരവധി പരിഷ്കാരങ്ങൾ സംസ്ഥാന സർക്കാർ കൊണ്ടുവന്നു. കേരളത്തിലെ വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹൃദം ആകുന്നതിന് കൊണ്ടുവന്ന പ്രധാന നിയമമാണ് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018. ഇത് പ്രകാരമുള്ള KSWIFT എന്ന ഓൺലൈൻ പ്ലാറ്റ്ഫോം നിലവിൽ വന്നത് 2019 ഫെബ്രുവരിയിലാണ്. അതിപ്പോൾ പൂർണമായ തോതിൽ പ്രവർത്തനക്ഷമമായിരിക്കുന്നു. 30 ദിവസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് ലൈസൻസുകൾ നൽകാൻ കഴിയുന്ന തരത്തിൽ അത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. 2019 ലെ എം എസ് എം ഇ ഫെസിലിറ്റേഷൻ ആക്ട് ആണ് മറ്റൊരു പ്രധാന നിയമനിർമാണം . മുൻകൂർ അനുമതി ഇല്ലാതെതന്നെ ബിസിനസ് ചെയ്യുന്നതിന് ഈ നിയമം അനുവദിക്കുന്നു. 2019 കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ഭേദഗതി നിയമം, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഇളവുകൾ, നാനോ യൂണിറ്റുകൾക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ, ജില്ലാ സംസ്ഥാന തലങ്ങളിലുള്ള ഫെസിലിറ്റേഷൻ കൗൺസിലുകൾ തുടങ്ങിയവയെല്ലാം 2019–20 കാലഘട്ടത്തിലാണ് നടപ്പിലായത് . അതുകൊണ്ടുതന്നെ 2022 റാങ്കിങ്ങിൽ ഇവ പരിഗണിച്ചു കാണണം. 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ പൂർണ്ണമായും പരിഗണിച്ച് പുതിയ റാങ്കിംഗ് നടത്തുമ്പോൾ കേരളത്തിൻറെ നില ഇനിയും ഉയരാൻ ആണ് സാധ്യത.

*സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ*

ആഷിക്ക്. കെ.പി

വിദ്യാർത്ഥി സംരംഭകത്വത്തിന് പൊതുവഴികൾ കാട്ടി

# ശക്തി
## വനിതാ സംരംഭകത്വ പദ്ധതി



വിദ്യാർത്ഥി സംരംഭകത്വത്തിന് വളരെയേറെ അനുകൂലമായ സാഹചര്യങ്ങൾ ഉള്ള സംസ്ഥാനമാണ് കേരളം. പാഠ്യപദ്ധതിയിലോ പഠന പ്രവർത്തനങ്ങളിലോ നിർഭാഗ്യവശാൽ സംരംഭകത്വത്തിന് മതിയായ പ്രാധാന്യം ലഭിക്കാറില്ല. സംരംഭകത്വ വിദ്യാഭ്യാസം എന്നത് ജീവിത നൈപുണികളിൽ പരമപ്രധാനമാണെന്നും അത് കേവലം അറിവ് മാത്രമല്ല ഭാവി ഉപജീവനമാർഗം ആണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. അതുകൊണ്ടുതന്നെ വിദ്യാർഥികളിൽ സംരംഭകത്വം എന്ന ആശയം സാർവത്രികമാക്കേണ്ടതുണ്ട് എന്നതും അത്യന്താപേക്ഷിതമാണ്.


വിദ്യാർഥി സമൂഹത്തിൽ ഏറെക്കുറെ പകുതിയോ അതിലേറെയോ പെൺകുട്ടികൾ ഉള്ള നാടാണ് കേരളം. അവർ സ്വതന്ത്രരായി മാറേണ്ടതുണ്ട്. നല്ല ജോലിയോ വരുമാന സമ്പാദന മാർഗമോ ഇതിന് ആവശ്യമാണ്. അവസരങ്ങളുടെയും സാധ്യതകളുടെയും പറുദീസയായ നമ്മുടെ നാട്ടിൽ പഠനത്തോടൊപ്പം അവരുടെ ഉള്ളിലുള്ള നൂതനാശയങ്ങളെ സംരംഭകത്വ അവസരങ്ങൾ ആക്കി മാറ്റാൻ കഴിയണം. 'ശക്തി' എന്ന പദ്ധതിയുടെ ലക്ഷ്യവും ഇതുതന്നെയാണ്. ഒരു ബോധവൽക്കരണ പ്രവർത്തനം എന്നതിനപ്പുറം രണ്ടുവർഷം നീണ്ടുനിൽക്കുന്ന തരത്തിൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തോടൊപ്പം നമ്മുടെ പെൺകുട്ടികൾക്ക് സംരംഭകത്വ സാധ്യതകൾ പരിചയപ്പെടുത്തി സംരംഭകത്വ നൈപുണികൾ വളർത്തി അവരിൽ നിന്ന് അവരുടെ

ഉള്ളിലുള്ള നൂതന ആശയങ്ങൾ വിളയിച്ചെടുത്ത് അവയെ മെച്ചപ്പെട്ട അവസരങ്ങൾ ആക്കി മാറ്റാനുള്ള പ്രവർത്തനമാണ് ശക്തിയുടെ ഒന്നാം ഘട്ടമെന്ന് ഈ പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്ന എസ് എസ് കെ സംസ്ഥാന പ്രോഗ്രാം ഓഫീസർ ഡോക്ടർ ഷാജി അഭിപ്രായപ്പെട്ടു. വിവിധ സ്റ്റാർട്ടപ്പുകളെ പരിചയപ്പെടുത്തൽ, ആശയവിപുലീകരണ വർക്ഷോപ്പുകൾ, സംരംഭകത്വ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുമ്പോൾ നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യാനുള്ള മാർഗങ്ങൾ മനസ്സിലാക്കി മുന്നോട്ടുകൊണ്ടുപോകാൻ പ്രാപ്തരാക്കൽ എന്നിവയൊക്കെ ഈ പദ്ധതിയിൽ ഉണ്ട് .

എസ് എസ് കെ യോടൊപ്പം കേരള സ്റ്റാർ മിഷൻ, കെ ഡിസ്ക്, ടൈ കേരള, വ്യവസായ വകുപ്പ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവയും ഈ പദ്ധതിയെ സഹായിക്കുന്നുണ്ട്. ഇതിനുവേണ്ടി സംസ്ഥാനതലത്തിൽ ഒരു നയരൂപീകരണ വർക്ഷോപ്പ് നടത്തി അതിനുശേഷം ഘട്ടം ഘട്ടമായി രണ്ടുവർഷം നീണ്ടുനിൽക്കുന്ന വിവിധ ക്യാമ്പുകളിലൂടെ പരിപാടികൾ നടപ്പിലാക്കുകയാണ് ശക്തി പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

രണ്ടുവർഷത്തെ ഹയർ സെക്കൻഡറി പഠനം കഴിയുന്ന ഒരു പെൺകുട്ടിക്ക് ഒട്ടേറെ മെച്ചപ്പെട്ട ആശയങ്ങൾ തൻറെ മുന്നിലുണ്ടെന്നും അവയിൽ മികച്ചതും നൂതനവുമായ അവസരങ്ങൾ തെരഞ്ഞെടുക്കാൻ കഴിയും എന്ന ആത്മവിശ്വാസം ഉണ്ടാക്കി അവരെ വളർത്തുകയും ചെയ്യുമ്പോൾ കേരളത്തിലെ സംരംഭകത്വ പ്രവർത്തനങ്ങൾക്ക് അതൊരു മുതൽക്കൂട്ടായി മാറും. ശക്തിയുടെ പ്രഥമ പരിഗണനയും അതുതന്നെയാണ്.

സ്ത്രീ ശാക്തീകരണവും സ്ത്രീകളുടെ സാമ്പത്തിക സുരക്ഷയും കേരളീയ സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും പ്രഖ്യാപിത ലക്ഷ്യങ്ങളാണ്. ഒരു സ്ത്രീ സ്വയം ശാക്തീകരിക്കപ്പെടുന്നതിലൂടെ അവരുടെ കുടുംബവും അത് ഉൾപ്പെടുന്ന സമൂഹവും ജീവിതത്തിന്റെ ഉന്നത നിലയിലേക്കുള്ള പാതയിൽ എത്തുന്നു. അവർക്ക് നിരന്തരം കൈത്താങ്ങ് നൽകി അവരിൽ അഭിരുചിയും ആത്മവിശ്വാസവും അധ്വാന സന്നദ്ധതയും വികസിക്കുന്നു. വ്യക്തിവികസനത്തിലൂടെ സാമൂഹിക വികസനമെന്ന അടിത്തറയിൽ ഊന്നിക്കൊണ്ട് ലക്ഷ്യബോധത്തോടെയുള്ള സ്ത്രീ സമൂഹത്തെ വാർത്തെടുക്കേണ്ടത് കേരളീയ സമൂഹത്തിൻറെ ആനുകാലികമായ ആവശ്യമായി



മാറിയിരിക്കുന്നു. ഓരോ പെൺകുട്ടിയും തന്റെ ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന തോടൊപ്പം വരുമാനം ലഭിക്കുന്ന ഒരു തൊഴിലോ സംരംഭമോ സ്വയം ഏറ്റെടുത്ത് വിജയിക്കുവാൻ പ്രാപ്തരാകുന്നു. സമാന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന നിരവധി സർക്കാർ സർക്കാരേതര പ്രോജക്ടുകൾ നമുക്കുണ്ട്. 2023 – 24 സാമ്പത്തിക വർഷം എസ് എസ് കെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു നൂതനാശയ പ്രവർത്തനമാണ് ശക്തി വനിത സംരംഭകത്വ ശാക്തീകരണ പരിപാടി.

നാലാം വ്യാവസായിക വിപ്ലവത്തിൻറെ പടിവാതിക്കൽ ആണ് ലോകം . അതിവേഗം മാറുന്ന ലോക സാമ്പത്തിക വ്യവസ്ഥയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ – സർക്കാരേതര സ്ഥാപനങ്ങൾക്ക് കഴിയാതെ വരുമ്പോൾ, സാങ്കേതികത തൊഴിൽ മേഖലയിൽ വെല്ലുവിളികൾ സൃഷ്ടിക്കുമ്പോൾ, അതിനെ മറികടന്ന് സാമ്പത്തിക വികസനം സാധ്യമാക്കാൻ സംരംഭകത്വ വികസന പരിപാടികളിലൂടെ സ്കൂൾതലത്തിൽ തുടങ്ങി സംരംഭകരെ സൃഷ്ടിക്കുക എന്ന മാർഗം തന്നെയാണ് ഏറ്റവും ഫലപ്രദമായത്. സംരംഭകത്വം തന്നെയാണ് തൊഴിൽ ശക്തി അതുതന്നെയാണ് തൊഴിലവസരങ്ങൾ എന്ന പുതിയ തരത്തിലേക്ക് പുതിയ തലമുറയുടെ ചിന്തയ്ക്ക് ഉത്തേജനം നൽകിയാൽ മാത്രമേ ഭാവി തലമുറ അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മ, സാമ്പത്തിക പ്രശ്നങ്ങൾ, വികസന പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. ദീർഘവീക്ഷണത്തോടെയും ചിട്ടയായ ആസൂത്രണത്തിലൂടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം സംരംഭകത്വ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ചേർന്ന് പോകേണ്ടതുണ്ട്. വിദ്യാർത്ഥി സമൂഹത്തിൽ ഭൂരിഭാഗം ആയി





കൊണ്ടിരിക്കുന്ന പെൺകുട്ടികളുടെ ആത്മവിശ്വാസവും നൈപുണികളും ഇനിയും ഏറെ ശ്രദ്ധിക്കാത്ത സംരംഭകത്വ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ ആകർഷിക്കേണ്ടതുണ്ട് . വിവിധ ഘട്ടങ്ങളിൽ ആയി വ്യത്യസ്തമായ സംരംഭകത്വ വികസന ഏജൻസികളുടെ സഹായത്തോടൊപ്പം കൂട്ടായതും ഏകോപിച്ചുമുള്ള പ്രവർത്തനങ്ങൾ ഇവിടെ ആവശ്യമാണ്. പഠിക്കുമ്പോഴും പഠിച്ചു പുറത്തിറങ്ങുമ്പോഴും സ്വന്തമായി എന്തെങ്കിലും ചെയ്തു വരുമാനം ഉണ്ടാക്കാം എന്ന ചിന്തയും ആത്മധൈര്യവും നമ്മുടെ കുട്ടികളിൽ രൂപപ്പെട്ടു വരേണ്ടതുണ്ട്. ഇത്തരം മഹനീയമായ കാഴ്ചപ്പാടുകളെ സാധൂകരിക്കുന്ന പ്രവർത്തനം എന്ന നിലയിൽ സമഗ്ര ശിക്ഷ കേരള മറ്റ് സർക്കാർ ഇതര സംരംഭകത്വ വികസന ഏജൻസികളുടെ സഹായത്തോടെ അവരോടൊപ്പം കൈകോർത്തുകൊണ്ട് ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി രണ്ടുവർഷം നിൽക്കുന്ന പരമ്പരാഗത വിദ്യാഭ്യാസത്തോടൊപ്പം സംരംഭകത്വ വിദ്യാഭ്യാസവും എന്ന കാഴ്ചപ്പാട് ആരംഭിക്കുന്ന പദ്ധതിയാണ് ശക്തി .

സീറോ ടു മേക്കർ, മേക്കർ ടു എന്റർപ്രൂണർ എന്ന കാഴ്ചപ്പാടിൽ ഊന്നി കൊണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

(പദ്ധതിയുടെ സംസ്ഥാന തല എക്സ്പേർട്ട് അംഗവും ഐ.എം.ജി അക്രഡിറ്റഡ് മാനേജ്മെന്റ് പരിശീലകനും ആണ് ലേഖകൻ)






ഡോ. ബൈജു നെടുങ്കേരി



# കുടിവെള്ളം ഭാവിയുടെ സംരംഭം

**കേരളത്തിൽ** ഗാർഹീക സംരംഭങ്ങൾക്ക് വലിയ സാധ്യതയാണ് നിലനിൽക്കുന്നത്. വീടുകളിൽ വ്യവസായം ആരംഭിക്കാൻ 2018 മുതൽ ഗവൺമെന്റ് അനുമതി നല്കിയിട്ടുണ്ട്. 5 കുതിരശക്തിയിൽ താഴെയുള്ള മോട്ടോറുകൾ ഉപയോഗപ്പെടുത്തുന്ന 5 ലക്ഷം രൂപയിൽ താഴെ മുതൽ മുടക്കുള്ള മലിനീകരണമില്ലാത്ത വ്യവസായങ്ങളെയാണ് നാനോ കുടുംബ സംരംഭങ്ങളായി പരിഗണിക്കുക. കേരളത്തിലെ വീടുകൾ പൊതുവെ വലുപ്പമുള്ളവയാണ്. റൂഫ് വർക്ക് ചെയ്ത ടെറസ്സുകളും ധാരാളമായുണ്ട്. മികച്ച വൈദ്യുതി, റോഡ്, ഇന്റർനെറ്റ്, ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങളും കേരളത്തിന്റെ ഗ്രാമങ്ങളിൽ പോലുമുണ്ട്. കേരളം മികച്ച ഒരു വിപണിയാണ്. ഭൂരിഭാഗം അസംസ്കൃതവസ്തുക്കളും അടുത്തുള്ള സ്ഥലങ്ങളിൽ ലഭ്യമാണ്. ഈ അനുകൂല ഘടകങ്ങളെ പ്രയോജനപ്പെടുത്തി വീടുകളിൽ തന്നെ വ്യവസായം ആരംഭിക്കാം. വീട്ടമ്മമാർക്കും പുറത്ത് ജോലിക്ക് പോകാൻ സാഹചര്യമില്ലാത്ത വനിതകൾക്കും ഗാർഹിക സംരംഭങ്ങളിലൂടെ അനുകൂലസാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അധിക വരുമാനം നേടാൻ കഴിയും. ഗാർഹിക വൈദ്യുതി തന്നെ ഉപയോഗപ്പെടുത്താം.

നമ്മുടെ നാട്ടിൽ കുടിവെള്ളത്തിന്റെ ഗുണമേൻമ സംബന്ധിച്ച് വലിയ അവബോധം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മുൻപ് കിണറുകളിൽ സുലഭമായി വെള്ളം ലഭിച്ചിരുന്നെങ്കിൽ ഇപ്പോൾ ഗ്രാമങ്ങളിൽ പ്പോലും കുഴൽകിണറുകളും വാട്ടർ അതോറിറ്റി നല്കുന്ന പൈപ്പ് വെള്ളവുമാണ് ആശ്രയം. സൂക്ഷ്മ

**നമ്മുടെ നാട്ടിൽ കുടിവെള്ളത്തിന്റെ ഗുണമേൻമ സംബന്ധിച്ച് വലിയ അവബോധം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മുൻപ് കിണറുകളിൽ സുലഭമായി വെള്ളം ലഭിച്ചിരുന്നെങ്കിൽ ഇപ്പോൾ ഗ്രാമങ്ങളിൽപ്പോലും കുഴൽകിണറുകളും വാട്ടർ അതോറിറ്റി നല്കുന്ന പൈപ്പ് വെള്ളവുമാണ് ആശ്രയം.**

മൂലകങ്ങളും, സൂക്ഷ്മ ജീവികളും അടങ്ങിയ കുടിവെള്ളം ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും എന്ന് ജനങ്ങൾക്കറിയാം. പൊതു ജലവിതരണ സംവിധാനത്തിൽ ലഭിക്കുന്ന വെള്ളത്തിൽ ക്ലോറിന്റെ അളവും മറ്റു ചില ഘട്ടങ്ങളിൽ കലങ്ങിയ നിറവുമെല്ലാം കുടിക്കുന്നതിനും, പാചകം ചെയ്യുന്നതിനും ഫിൽറ്റർ ചെയ്ത കുടിവെള്ളം ഉപയോഗിക്കാൻ ജനങ്ങളെ നിർബന്ധിതരാക്കുന്നു. കുടിക്കാനും പാചകം ചെയ്യാനും ഗുണമേന്മയുള്ള വെള്ളം പുറത്ത് നിന്ന് വാങ്ങുന്ന ധാരാളം ആളുകളുണ്ട്. പ്രകൃതിദത്ത സ്രോതസ്സുകളിൽ നിന്ന് ജലലഭ്യതയുള്ള ഇടങ്ങളിൽ ചെറിയ ഒരു യന്ത്രം സ്ഥാപിച്ച് കുടിവെള്ളം വിൽക്കുന്ന സംരംഭങ്ങൾ കേരളത്തിൻറെ ഭാവി സാധ്യതയാണ്.

## സാധ്യതകൾ

യന്ത്രസഹായത്തോടെ ഗുണമേൻമയുള്ള കുടിവെള്ളം നിർമ്മിച്ച് ചുറ്റുവട്ടത്തുള്ളവർക്ക് വിൽക്കുന്നതാണ് സംരംഭം. മിനറൽ വാട്ടർ എന്ന നിലയിലോ കുപ്പികളിൽ നിറച്ചോ ഇത്തരത്തിലുള്ള യൂണിറ്റുകളിൽ നിന്ന് വില്പന നടത്താൻ കഴിയില്ല. യന്ത്രസഹായത്തോടെ റിവേഴ്സ് ഓസ്മോസിസ് (RO) ചെയ്തെടുക്കുന്ന വെള്ളം ഉപഭോക്താക്കൾ കൊണ്ടുവരുന്ന പാത്രങ്ങളിലോ ക്യാനുകളിലോ നിറച്ച് നൽകുന്നതാണ് സംരംഭം. മിനറൽ വാട്ടർ ക്യാനുകളും ബോട്ടിലുകളും വാങ്ങുമ്പോൾ ഉപഭോക്താവ് വലിയ വില നല്കേണ്ടിവരും. സ്ഥിരമായുള്ള ഉപയോഗത്തിന് ഇത്തരം ക്യാനുകൾ വാങ്ങുന്നത് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും. അതുകൊണ്ട് തന്നെ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന കുടിവെള്ളം വാങ്ങി ഉപയോഗിക്കാൻ വീട്ടുകാരും തയ്യാറാകും. സ്ഥാപനങ്ങൾ, സ്കൂളുകൾ, ഹോട്ടലുകൾ, ഭക്ഷ്യസംസ്കരണ സ്ഥാപനങ്ങൾ തുടങ്ങിയവരെല്ലാം കുടിവെള്ളത്തിന്റെ ഉപഭോക്താക്കളാണ്.





## യന്ത്രങ്ങൾ – സംവിധാനങ്ങൾ

വെള്ളം ഫിൽറ്റർ ചെയ്ത് എടുക്കുന്നതിന് ആവശ്യമായ റിവേഴ്സ് ഓസ്മോസിസ് മെഷീനും 1000 ലിറ്റർ കപ്പാസിറ്റിയുള്ള സ്റ്റോറിങ് ടാങ്കുമാണ് ടി സംരംഭത്തിന് ആവശ്യമുള്ളത്.

## എവിടെ സ്ഥാപിക്കാം

വീട്ടിലെ സൗകര്യങ്ങൾ ഉപയോഗപെടുത്തിയോ ജംഗ്ഷനുകളിൽ 100 സ്ക്വയർ ഫീറ്റ് വരുന്ന വാണിജ്യ ബിൽഡിങ്ങുകളിലോ യന്ത്രവും സൂക്ഷിപ്പ് ടാങ്കും സ്ഥാപിക്കാം. തിരഞ്ഞെടുക്കുന്ന സ്ഥലത്ത് ജലലഭ്യത ഉറപ്പ് വരുത്തണം. പ്രതിദിനം 2000 ലിറ്റർ വെള്ളം ശേഖരിക്കാൻ കഴിയണം.

## മാർക്കറ്റിംഗ്

സ്ഥാപനത്തിലോ വീട്ടിലോ എത്തുന്നവർക്ക് നേരിട്ടാണ് വില്പന. കുടിവെള്ള സംരംഭത്തെ സംബന്ധിച്ച് പ്രാദേശിക അറിയിപ്പുകൾ നല്കുകയും, സോഷ്യൽ മീഡിയ പ്രയോജനപ്പെടുത്തിയുള്ള പ്രചാരണവും ആകാം. സ്ഥാപനങ്ങളെയും മറ്റും ഒരിക്കൽ നേരിൽ കണ്ട് വിവരം ധരിപ്പിക്കുകയുമാകാം.

## നിർമ്മാണരീതി

റിവേഴ്സ് ഓസ്മോസിസ് യന്ത്രത്തിലൂടെ വെള്ളം കടത്തിവിട്ട് വെള്ളത്തിൽ അടങ്ങിയിരിക്കുന്ന ഹാനികരങ്ങളായ മൂലകങ്ങളെയും സൂക്ഷ്മജീവികളെയും നീക്കം ചെയ്ത് ശുദ്ധീകരിച്ചെടുക്കുന്നു. ശുദ്ധീകരിച്ച വെള്ളം സ്റ്റീൽ ടാങ്കുകളിൽ സൂക്ഷിച്ച് വയ്ക്കും. ശുദ്ധീകരിച്ച വെള്ളത്തിന്റെ പി. എച്ച് (പൊട്ടൻഷ്യൽ ഓഫ് ഹൈഡ്രജൻ ) 7 ആയിരിക്കും. റ്റി ഡി എസ്സ് (ടോട്ടൽ ഡിസോൾവ്ഡ് സോളിഡ്സ്) 50–150 ലവലിലുമായിരിക്കും. ടി ഗുണമേൻമയുള്ള വെള്ളമാണ് അന്താരാഷ്ട്ര ഏജൻസികൾ ‘ഗുഡ് ക്വാളിറ്റി വാട്ടർ ‘ആയി പരിഗണിക്കുന്നത്.

## മൂലധനനിക്ഷേപം

| | | |
|---|---|---|
| 1 | റിവേഴ്സ് ഓസ്മോസിസ് യന്ത്രം | – 90000 |
| 2 | സ്റ്റീൽ ടാങ്ക് | – 30000 |
| 3 | അനുബന്ധ ചിലവുകൾ | – 10000 |
| | ആകെ | – 130000 |

## വില്പന വില – വരവ്

1 ലിറ്റർ വെള്ളം 1 രൂപ നിരക്കിലാണ് വില്പന. പ്രതിദിനം 1000 ലിറ്റർ വെള്ളം വിൽക്കാൻ കഴിഞ്ഞാൽ 1000 രൂപ നേടാൻ കഴിയും.

## യന്ത്രങ്ങൾ – പരിശീലനം

കുടിവെള്ള നിർമ്മാണ സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ യന്ത്രങ്ങളും പരിശീലനവും പിറവം അഗ്രോപാർക്കിൽ ലഭിക്കും.

0485 – 2999990

## ലൈസൻസ്

ഉദ്യം രജിസ്ട്രേഷൻ, ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ , കെ- സ്വിഫ്റ്റ് എന്നിവ നേടി വ്യവസായം ആരംഭിക്കാം.

മൂലധന നിക്ഷേപത്തിന് ആനുപാതികമായി സബ്സിഡിയും ലഭിക്കും

# പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക വളർച്ചാ നിരക്ക് മികവിൽ







വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് സംസ്ഥാനതലത്തിൽ അംഗീകരിക്കപ്പെടുകയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡുകൾ ഇന്ന് പ്രഖ്യാപിച്ചു. മാനുഫാക്ചറിങ് മേഖലയിൽ 100 കോടി രൂപക്ക് മുകളിൽ വിറ്റുവരവുള്ള വിഭാഗത്തിൽ ഏറ്റവും മികച്ച പൊതുമേഖലാ സ്ഥാപനമായി ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടത് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസാണ്. 100 കോടി രൂപക്ക് താഴെയും 25 കോടി രൂപക്ക് മുകളിലും വിറ്റുവരവുള്ള വിഭാഗത്തിൽ മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസും 25 കോടി രൂപക്ക് താഴെ വിറ്റുവരവുള്ള വിഭാഗത്തിൽ കേരളാ സിറാമിക്സ് ലിമിറ്റഡും മാനുഫാക്ചറിങ് ഇതര മേഖലയിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനും ഒന്നാം സ്ഥാനം കരസ്ഥമാക്കി.




പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കുന്നതിനായി ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ ഭാഗമായാണ് അവാർഡുകൾ ഏർപ്പെടുത്തിയത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ രേഖപ്പെടുത്തിയ വാർഷിക വളർച്ചാ നിരക്ക് ഉൾപ്പെടെയുള്ള ഘടകങ്ങൾ പരിഗണിച്ചാണ് അവാർഡ് നിർണ്ണയിച്ചത്.



എഴുമാവിൽ രവീന്ദ്രനാഥ്



# എം എൽ എം വടിയെടുത്ത് കേരളം

**ഉപഭോക്തൃ** സംസ്ഥാനമെന്ന പേര് ഇന്നും പേറുന്ന സംസ്ഥാനമാണ് കേരളം. ഉല്പാദന രംഗത്ത് മിന്നുന്ന പ്രകടനങ്ങൾ കാഴ്ചവയ്ക്കുമ്പോഴും കേരളീയർ അന്യസംസ്ഥാനങ്ങളിലെ സംരംഭകരാൽ പറ്റിക്കപ്പെടുന്നു എന്നതാണ് വാസ്തവം. ഓഫറുകളോട് എന്നും പ്രിയം കാട്ടുന്ന മലയാളികളെ ആ വഴിയിലൂടെ തന്നെയാണ് അവർ വലയിൽ വീഴ്ത്തുന്നത്. ഓൺലൈൻ മാർക്കറ്റിംഗിന്റെ കാലമാണല്ലോ ഇത്. സ്ഥാപനത്തിന്റെ വെബ് സൈറ്റിലും ചാനലുകളിലും ഉൽപന്നങ്ങൾ നിരത്തിവെച്ച് സംരംഭകർ പ്രചാരവേലകൾ ചെയ്യുന്നു. ഉൽപ്പന്നത്തിൽ ഒന്നു തൊട്ടാൽ അതിൻറെ ഗുണഗണങ്ങളും വിലയും ബ്ലിങ്ക് ചെയ്തു തുടങ്ങും. ഒപ്പം ബക്കറ്റിലേക്കുള്ള ക്ഷണവും. ഒന്നുകൂടി തൊട്ടാൽ സംഗതി ബക്കറ്റിൽ ആയി. പിന്നെ വിലാസവും വഴിയും പറഞ്ഞു കൊടുക്കണം. പെയ്മെൻറ് രീതിയും തീരുമാനിക്കണം അതോടെ ഡീൽ ഉറപ്പായി. മറിച്ച് സെക്കൻഡ് ക്ലിക്ക് നൽകാതെ നമ്മൾ പുറത്തു പോയാൽ കമ്പനി എക്സിക്യൂട്ടീവിന്റെ തുരുതുരാ വിളിയും വാട്സ്ആപ്പ് സന്ദേശവും വരും. ഈ വിളിയിൽ ചില കമ്പനികൾ എം എൽ എം തന്ത്രമാവും പയറ്റുക. 500 രൂപയുടെ ഉൽപ്പന്നം നാം വാങ്ങിയശേഷം അഞ്ച് പേരെ കമ്പനിക്ക് പരിചയപ്പെടുത്തണം. അവർ ഉൽപന്നം വാങ്ങിയാൽ 500 രൂപ നമുക്ക് തിരികെ കിട്ടും എന്ന് വെച്ചാൽ

ഉൽപ്പന്നം ഫ്രീയായി നമുക്ക് കിട്ടും.

ഈ ഫ്രീ ഓഫർ കേൾക്കുമ്പോൾ ആരും വീണു പോകും. മറുഭാഷയിൽ സംസാരിക്കുന്ന അല്ലെങ്കിൽ കമ്പ്യൂട്ടർ ജനറേറ്റഡ് വെൽക്കം കോൾ അയക്കുന്നവർ ഭാഷയ്ക്കും ഓപ്ഷൻ വച്ചിട്ടുണ്ട്. മറുഭാഷകൾ അറിയാത്തവർക്ക് മാതൃഭാഷ സംസാരിക്കുന്ന എക്സിക്യൂട്ടീവുകളെയും കമ്പനി വിന്യസിപ്പിച്ചിട്ടുണ്ടായിരിയ്ക്കും. ടെലി കോളേഴ്സ് ആയി തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്യുന്ന ഇവർ ഇരയെ ട്രാപ്പിലാക്കിയാൽ ഒരാൾക്ക് ഇത്ര രൂപ കമ്മീഷനും കമ്പനി നൽകും. ശമ്പളത്തോളമോ അതുക്കും മേലോ കമ്മീഷൻ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ കോളേഴ്സ് മധുര മനോഹര ഭാഷയിൽ സംസാരിക്കും. അതോടെ 50 ശതമാനം കേൾവിക്കാരും "ഫ്ളാറ്റ്" ആകും.


ഈ ഇടപാട് സംബന്ധിച്ച് രേഖാമൂലമായ ഒരു സംഗതികളും ഇല്ല ഉപഭോക്താക്കളും ടെലി കോളേഴ്സും പ്രമോട്ടർമാരാകുന്നു. മൗത്ത് ടു മൗത്ത് പ്രൊപ്പഗൻഡ മാത്രം. ഇത് ഒരു സമയം വരെ അനുസ്യൂതം തുടരും. ഒടുവിൽ നിലയ്ക്കുകയും ചെയ്യും. ഇതിനോടകം കമ്പനി കൊയ്യുന്നത് കോടികളാവും. വെറും 100 രൂപയുടെ ഉൽപ്പന്നമാവും ഇവർ 500 ന് വിൽക്കുന്നത്. സെയിൽസ് പ്രമോഷനും കമ്മീഷനുമായി ഒരു 150 രൂപ കൂടി ചെലവാക്കിയാലും ബാക്കി മുഴുവൻ ലാഭം. കമ്പനിക്കും സെയിൽസ് പ്രൊമോട്ടേഴ്സിനും സന്തോഷം. എപ്പോഴെങ്കിലും ശൃംഖല മുറിഞ്ഞാലും ഉപഭോക്താവിന് പരാതിയില്ല. അവന് ഉൽപ്പന്നം കൃത്യമായി കിട്ടിയല്ലോ എം ആർ പി കൊടുത്തത് മുതലായല്ലോ എന്നതാവും അവരുടെ ചിന്താഗതി. കൊടുത്ത പണം മുഴുവൻ തിരിച്ചു പിടിക്കാനുള്ള ആക്രാന്തം കാണിക്കുന്നവരാണ് കമ്പനിയുടെ ചാലകശക്തി. അവർ സജീവമായിരിക്കുന്നിടത്തോളം കാലം കമ്പനി ലാഭം കൊയ്യും.

ഈ രീതിയിൽ പ്രവർത്തിക്കുന്ന നൂറിലേറെ എംഎൽഎം (മൾട്ടിലെവൽ മാർക്കറ്റിംഗ്) കമ്പനികൾ ഇന്ന് കേരളത്തിലെ ഉപഭോക്താക്കൾക്കിടയിൽ സജീവമാണ്. ഇവർ നിയമപ്രകാരമുള്ള നികുതികൾ കൊടുക്കുന്നില്ല. നിബന്ധനകളും പാലിക്കുന്നില്ല. സൗന്ദര്യവർദ്ധകങ്ങൾ മുതൽ വിവിധതരം ഗൃഹ ബന്ധിത ഉൽപ്പന്നങ്ങൾ വരെ ഇപ്രകാരം വിറ്റഴിക്കപ്പെടുന്നു. പ്രതിമാസം 40 കോടിയോളം രൂപയുടെ ക്രയവിക്രയം എംഎൽഎം വിപണിയിൽ ഇവിടെ നടക്കുന്നു.

ഇതിനു തടയിടുവാനാണ് കേരളം ഒരുങ്ങുന്നത്.

**ഫ്രീ ഓഫർ കേൾക്കുമ്പോൾ ആരും വീണു പോകും. മറുഭാഷയിൽ സംസാരിക്കുന്ന അല്ലെങ്കിൽ കമ്പ്യൂട്ടർ ജനറേറ്റഡ് വെൽക്കം കോൾ അയക്കുന്നവർ ഭാഷയ്ക്കും ഓപ്ഷൻ വച്ചിട്ടുണ്ട്. മറുഭാഷകൾ അറിയാത്തവർക്ക് മാതൃഭാഷ സംസാരിക്കുന്ന എക്സിക്യൂട്ടീവുകളെയും കമ്പനി വിന്യസിപ്പിച്ചിട്ടുണ്ടായിരിയ്ക്കും.**

“




2021 ലെ കേന്ദ്ര കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമ (ഡയറക്ട് സെല്ലിംഗ്) ത്തിന്റെ ചുവടുപിടിച്ചാണ് ഇവിടെ നിയമനിർമാണം. സംസ്ഥാന ഉപഭോക്തൃ കാര്യ മന്ത്രാലയത്തിന്റെ കീഴിൽ സ്റ്റേറ്റ് മോണിറ്ററിംഗ് അതോറിറ്റി (എസ് എം എ) രൂപീകരിക്കുകയാണ് ഇതിനായി ആദ്യം ചെയ്യുന്നത്. ഉപഭോക്തൃ കാര്യ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, ഫുഡ് സിവിൽ സപ്ലൈസ് കമ്മീഷണർ കൺവീന

**സ്ഥാപനം, ഉൽപന്നം, വില നിലവാരം, ഗുണമേന്മ, അളവ്, തൂക്കം, നികുതിയടവ് സംബന്ധിച്ച വിഷയങ്ങൾ, സ്ഥാപനത്തിന് ആവശ്യം വേണ്ട ലൈസൻസുകൾ തുടങ്ങിയവയെല്ലാം സമിതി പരിശോധിക്കും. ഓരോ വർഷത്തെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, വിറ്റുവരവ് സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് റിപ്പോർട്ട്, ടാക്സ് സ്റ്റേറ്റ്മെന്റ്, ഷിപ്മെൻറ് രേഖകൾ തുടങ്ങിയവയും സമിതി വിശകലനം ചെയ്യും.**

റുമായ സമിതിയിൽ 11 അംഗങ്ങളാവും ഉള്ളത്. അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഫിനാൻസ്, ലോ, റവന്യൂ, ലീഗൽ മെട്രോളജി, ഫുഡ് സേഫ്റ്റി, സെൻട്രൽ ആൻഡ് സ്റ്റേറ്റ് ജി എസ് ടി തുടങ്ങിയ വകുപ്പുകളിലെ പ്രതിനിധികൾ മറ്റു വിദഗ്ദ്ധാംഗങ്ങൾ എന്നിവരും സമിതിയിൽ ഉള്ളത്.

സ്ഥാപനം, ഉൽപന്നം, വില നിലവാരം, ഗുണമേന്മ, അളവ്, തൂക്കം, നികുതിയടവ് സംബന്ധിച്ച വിഷയങ്ങൾ, സ്ഥാപനത്തിന് ആവശ്യം വേണ്ട ലൈസൻസുകൾ തുടങ്ങിയവയെല്ലാം സമിതി പരിശോധിക്കും. ഓരോ വർഷത്തെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, വിറ്റുവരവ് സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് റിപ്പോർട്ട്, ടാക്സ് സ്റ്റേറ്റ്മെന്റ്, ഷിപ്മെൻറ് രേഖകൾ തുടങ്ങിയവയും സമിതി വിശകലനം ചെയ്യും. ഭക്ഷ്യോൽപന്നങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ, സൗന്ദര്യ വർദ്ധിനികൾ, ഔഷധങ്ങൾ എന്നിവയുടെ കാര്യത്തിൽ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ്





ആക്റ്റ് നിർബന്ധമാക്കും. അതത് സംസ്ഥാനങ്ങളിലെ ആതോറിറ്റികളുടെ ലൈസൻസ് ഇവയ്ക്കുണ്ടെന്ന് ഉറപ്പുവരുത്തും. എല്ലാ സ്ഥാപനങ്ങളും വെബ്സൈറ്റുകൾ തുടങ്ങുകയും തങ്ങളുടെ ഉല്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അതിൽ സവിസ്തരം പ്രതിപാദിയ്ക്കുകയും വേണം. പൊള്ളയായ വാഗ്ദാനങ്ങൾ നിരത്തിയ പരസ്യങ്ങൾ അവകാശവാദങ്ങൾ ഇവ പൂർണ്ണമായും നിയന്ത്രിക്കും. ഇതിന് മാജിക്കൽ റമഡീസ് ആക്ട് പ്രയോഗിക്കും.

സംസ്ഥാനത്ത് ഓൺലൈൻ മാർക്കറ്റിംഗ് രംഗത്ത് നിരവധി വ്യക്തികളും സ്ഥാപനങ്ങളും സജീവമാണ്. വീടുകളിൽ ഉത്പാദിപ്പിച്ച ചില ഒറ്റമൂലികളും മറ്റും ഓൺലൈനിലൂടെ വിറ്റഴിക്കപ്പെടുന്നുണ്ട്. ഔഷധങ്ങളുടെ കാര്യത്തിൽ അംഗീകൃത ഡോക്ടർ / വൈദ്യൻമാർക്കു മാത്രമേ ഇത്തരം പ്രവൃത്തികളിൽ ഏർപെടാനാവൂ. അല്ലെങ്കിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ലൈസൻസ് നേടിയിരിക്കണം. ഇതിന് എസ് ഒ പി (സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ), ജി എം പി (ഗുഡ് മാനുഫാക്ചറിങ്ങ് പ്രാക്ടീസ്) സർട്ടിഫിക്കറ്റുകൾ നിർബന്ധമാണ്. എംഎൽഎം രീതിയിൽ കച്ചവടം നടത്തുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ കേരളം ആസ്ഥാനമായിട്ടില്ല. എന്നാൽ ഇവയ്ക്ക് വേണ്ടി പണിയെടുക്കുന്ന നിരവധി ഉപഭോക്താക്കൾ ഇവിടെയുണ്ട്. പുതിയ നിയമം നിലവിൽ വരുന്നതോടെ ഉൽപ്പന്നങ്ങളിൽ ഗുണമേന്മ ഉയരുകയും, വിലകളിൽ വ്യതിയാനം ഉണ്ടാവുകയും ചെയ്യും. എല്ലാ ഉൽപ്പന്നങ്ങൾക്കും ഗ്യാരണ്ടി, വാറണ്ടി എന്നിവയും ഉറപ്പാക്കപ്പെടും. കസ്റ്റമർ സർവീസ് കേന്ദ്രങ്ങൾ സ്ഥാപനങ്ങൾ തുറക്കണം. ഹെൽപ്പ് ലൈൻ നമ്പർ വ്യക്തമായി വെബ്സൈറ്റിലും ഉൽപന്നത്തിന്റെ പാക്കിങ്ങിൽ പ്രദർശിപ്പിക്കുകയും വേണം.

നമ്മുടെ സംരംഭകർക്കും ഈ സംവിധാനം സഹായകകരമാകും. ഉപഭോക്തൃ സംരക്ഷണം, ഉൽപ്പന്നത്തിന്റെ ഗുണമേന്മ, വിപണനത്തിലെ സുതാര്യത, നിയമാനുസൃതമുള്ള പ്രവർത്തനങ്ങൾ, എന്നിവ ഉറപ്പു നൽകുന്നതാവും സംസ്ഥാന സർക്കാരിൻറെ ഈ നടപടി. വിപണിയിലെ കള്ളനാണയങ്ങളെ ഒരു പരിധി വരെ നിയന്ത്രിക്കാനും, നികുതി വരുമാനം വർദ്ധിപ്പിക്കാനും ഇത് കാരണമാകുമെന്നും പ്രത്യാശിക്കാം.

“

**എല്ലാ ഉൽപ്പന്നങ്ങൾക്കും ഗ്യാരണ്ടി, വാറണ്ടി എന്നിവയും ഉറപ്പാക്കപ്പെടും. കസ്റ്റമർ സർവീസ് കേന്ദ്രങ്ങൾ സ്ഥാപനങ്ങൾ തുറക്കണം. ഹെൽപ്പ് ലൈൻ നമ്പർ വ്യക്തമായി വെബ്സൈറ്റിലും ഉൽപന്നത്തിന്റെ പാക്കിങ്ങിൽ പ്രദർശിപ്പിക്കുകയും വേണം.**



മനോജ് മാതിരപ്പള്ളി

# പ്രവർത്തനലാഭം കൈവരിച്ച് ചരിത്രനേട്ടവുമായി കൊച്ചി മെട്രോ

കൊച്ചി മെട്രോ റെയിൽ പ്രവർത്തനം ആരംഭിച്ചതോടെ കേരളത്തിന്റെ പൊതുഗതാഗത രംഗത്ത് വലിയൊരു മാറ്റമാണ് സംഭവിച്ചത്. ദീർഘകാലത്തേക്ക് വൻനഷ്ടത്തിൽ പ്രവർത്തിക്കേണ്ടി വരുമെന്ന വാദഗതികളെല്ലാം തള്ളിക്കൊണ്ട് ചുരുങ്ങിയ കാലത്തിനുള്ളിൽ പ്രവർത്തനലാഭം കൈവരിക്കാൻ മെട്രോയ്ക്ക് സാധിച്ചുവെന്നത് കേരളത്തിനാകെ അഭിമാനമാണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ (കെഎംആർഎൽ) നേതൃത്വത്തിൽ 2017 ജൂണിൽ സർവീസ് ആരംഭിച്ച മെട്രോ 2022-23 സാമ്പത്തികവർഷം ആയപ്പോഴേയ്ക്കും 5.35 കോടിരൂപയുടെ പ്രവർത്തനലാഭമാണ് കൈവരിച്ചിട്ടുള്ളത്. മറ്റെല്ലാ മേഖലകളെയും പോലെ കെഎംആർഎല്ലിനെയും പ്രതിസന്ധിയിലാക്കിയ കോവിഡ് രോഗവ്യാപനം സംഭവിച്ചില്ലായിരുന്നുവെങ്കിൽ ഇതിനും മുൻപുതന്നെ കൊച്ചി മെട്രോ പ്രവർത്തനലാഭം നേടുമായിരുന്നുവെന്ന കാര്യത്തിൽ തർക്കമില്ല.

പരമാവധി യാത്രക്കാരെ ആകർഷിക്കുന്നതിനുവേണ്ടി കെഎംആർഎൽ നിരന്തരമായി നടത്തിവന്നിരുന്ന പ്രചാരണ പരിപാടികളും പ്രവർത്തനച്ചെലവ് കുറച്ചതുമെല്ലാം ഓപ്പറേഷണൽ പ്രോഫിറ്റ് എന്ന നേട്ടം കൈവരിക്കാൻ സഹായകമായിട്ടുണ്ട്. ഇതോടൊപ്പം, അനുദിനമെന്നോണം കൂടുതൽ വാഹനങ്ങൾ കൊച്ചിയുടെ നിരത്തിലിറങ്ങുകയും നഗരത്തിൽ ഗതാഗതക്കുരുക്ക് വർദ്ധിച്ചതും പതിനായിരക്കണക്കിന് യാത്രക്കാരെ മെട്രോയെ ആശ്രയിക്കാൻ പ്രേരിപ്പിച്ചു. ആലുവയിൽനിന്നും തൃപ്പൂണിത്തുറയ്ക്ക് അടുത്തുള്ള എസ്.എൻ. ജംഗ്ഷൻ വരെയാണ് നിലവിൽ മെട്രോ സർവീസ് നടത്തുന്നത്. ഡിസംബർ-ജനുവരി ആകുമ്പോഴേയ്ക്കും തൃപ്പൂണിത്തുറ സ്റ്റേഷനും പ്രവർത്തനം ആരംഭിക്കും. ഇതോടെ, കെഎംആർഎല്ലിന്റെ പ്രവർത്തനലാഭത്തിൽ കൂടുതൽ വർദ്ധനയുണ്ടാകുമെന്നാണ് വിലയിരുത്തൽ. കൂടാതെ, രണ്ടാംഘട്ടം കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ വൻമുന്നേറ്റം ഉണ്ടാക്കാനാവുമെന്നും കണക്കാക്കപ്പെടുന്നു.



## കാര്യക്ഷമമായ പ്രവർത്തനം

സർവീസ് ആരംഭിച്ചതിനു ശേഷമുള്ള ഓരോ ഘട്ടത്തിലും കൃത്യമായ കാഴ്ചപ്പാടോടെ ആയിരുന്നു കെഎംആർഎല്ലിന്റെ പ്രവർത്തനം. അതുകൊണ്ടുതന്നെ യാത്രക്കാരുടെ എണ്ണത്തിലും പ്രവർത്തനച്ചെലവിലും ഉണ്ടായ ഏറ്റക്കുറച്ചിലുകൾ സാവധാനം നേട്ടത്തിലേക്ക് നയിച്ചു. സർവീസ് തുടങ്ങിയ 2017 ജൂണിൽ പ്രതിദിനം ശരാശരി 59,894 ആളുകളാണ് മെട്രോയിൽ യാത്ര ചെയ്തത്. തുടർന്നുള്ള ഏതാനും മാസങ്ങളിൽ ഇത്രയും യാത്രക്കാരെ ആകർഷിക്കാൻ കഴിഞ്ഞില്ലെങ്കിലും പിന്നീട് സ്ഥിതിമാറി. 2019 ഒക്ടോബറിനും ഡിസംബറിനുമിടയിൽ അറുപതിനായിരത്തിലധികം പേരായിരുന്നു യാത്രക്കാർ. എന്നാൽ കോവിഡ് കാലം ആയപ്പോഴേയ്ക്കും വൻപ്രതിസന്ധി നേരിടേണ്ടി വന്നു. 2021 മെയ് മാസം 5300 യാത്രക്കാർ മാത്രമാണ് കൊച്ചി മെട്രോയെ ആശ്രയിച്ചത്.

എന്നാൽ, പിന്നീട് അങ്ങോട്ട് വളർച്ചയുടെ കാലമായിരുന്നു. കെഎംആർഎല്ലിലെ വിവിധ വിഭാഗങ്ങളുടെ നേതൃത്വത്തിൽ നടത്തിയ പ്രചാരണ പരിപാടികളും ഓഫറുകളുമെല്ലാം ഇതിന് സഹായകമായി. 2022 സെപ്തംബറിനും നവംബറിനുമിടയ്ക്ക് യാത്രക്കാരുടെ ശരാശരി എണ്ണം 75000 കടന്നു. 2023 ജനുവരിയിലെ ശരാശരി യാത്രക്കാർ എൺപതിനായിരത്തിൽ അധികമാവുകയും പിന്നീട് സ്ഥിരതയോടെ വർദ്ധിച്ച് ഒരു ലക്ഷത്തിന് മുകളിൽ എത്തുകയും ചെയ്തു. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഐഎസ്എൽ മത്സരം നടന്ന ഇക്കഴിഞ്ഞ സെപ്തംബർ 22-ന് മാത്രം125,950 യാത്രക്കാരാണ് മെട്രോറെയിലിനെ ആശ്രയിച്ചത്. കളി കാണാൻ എത്തിയവർക്കും പൊതുജനങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ കൂടുതൽ സമയം മെട്രോ സർവീസ് നടത്തിയതും പ്രതിദിന യാത്രക്കാരുടെ എണ്ണം സർവകാല റെക്കോർഡിലെത്താൻ കാരണമായി.

കൂടുതൽ യാത്രക്കാർ മെട്രോയിലേക്ക് എത്തിയതിനൊപ്പം കെഎംആർഎല്ലിന്റെ വരുമാനവും ക്രമാനുഗതമായി വർദ്ധിച്ചു. 2022-23 സാമ്പത്തികവർഷത്തിൽ മെട്രോയുടെ ഫെയർബോക്സ് വരുമാനം 75.49 കോടി രൂപയായി ഉയർന്നു. 2021-22 നെ അപേക്ഷിച്ച് 485 ശതമാനത്തിന്റെ വർദ്ധനയായിരുന്നു ഇത്. ഇതോടൊപ്പം നോൺ ഫെയർ ബോക്സ് വരുമാനത്തിലും മികച്ച വളർച്ചയുണ്ടായി. 2020-21 വർഷത്തെ നോൺ ഫെയർ ബോക്സ് വരുമാനം 41.42 കോടി രൂപയായിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ സാമ്പത്തികവർഷം അത് 58.55 കോടി രൂപയായി വർദ്ധിച്ചു. എന്നുവെച്ചാൽ, ഫെയർ ബോക്സ് വരുമാനവും നോൺ ഫെയർ ബോക്സ് വരുമാനവും ഒരുമിച്ചാക്കുമ്പോഴുള്ള ഓപ്പറേഷണൽ റവന്യു 2020-21 സാമ്പത്തികവർഷത്തെ 54.32 കോടിരൂപയിൽ നിന്ന് 2022-23 ആയപ്പോൾ 134.04 കോടി രൂപയായി ഉയർന്നു. 145 ശതമാനം വളർച്ചയാണിത്. ഇതിൽനിന്നും 5.35 കോടിരൂപ പ്രവർത്തന ലാഭമായി മാറുകയും ചെയ്തു.

2022-23 വർഷം മെട്രോയുടെ രണ്ടു സ്റ്റേഷനുകൾകൂടി പ്രവർത്തനം ആരംഭിച്ചെങ്കിലും മുൻവർഷത്തെക്കാൾ പതിനഞ്ചുശത



മാനം വർദ്ധന മാത്രമെ പ്രവർത്തനച്ചെലവിൽ ഉണ്ടാ യുള്ളൂ. എന്നാൽ, ചെലവുചുരുക്കൽ നടപടികളിലൂ ടെയും മറ്റും ഇതിലധികം ഓപ്പറേഷണൽ റവന്യൂ നേടാനും കഴിഞ്ഞു. അങ്ങനെയാണ് കൊച്ചി മെട്രോ റെയിലിന് ചരിത്രത്തിൽ ആദ്യമായി പ്രവർത്തന ലാഭം കൈവരിക്കാൻ സാധിച്ചത്. മെട്രോ പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ടിയെടുത്ത വായ്പാത്തു കയുടെയും പലിശയുടെയും നികുതികളുടെയും തിരിച്ചടവിന് സർക്കാരിനെ സഹായിക്കുകയാണ് കെഎംആർഎല്ലിന്റെ ലക്ഷ്യം. തിരിച്ചടവും നികു തിയും അടച്ചുതുടങ്ങിയ കാലം മുതൽ സംസ്ഥാന സർക്കാരാണ് അത് ചെയ്തുവരുന്നത്.

## വികസനപ്രവർത്തനങ്ങളും സജീവം

കൊച്ചി മെട്രോ റെയിലിന്റെ തുടർച്ചയായ വിക സനപദ്ധതികളും സജീവമായി നടപ്പാക്കിവരികയാ ണ്. ഇതിന്റെ ഭാഗമായി എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ 1.20 കിലോമീറ്റർ ദൈർഘ്യം വരുന്ന ഒന്നാംഘട്ട ബി പദ്ധതിയുടെ നിർമ്മാണം ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഡിസം ബറിലോ ജനുവരിയിലോ തൃപ്പൂണിത്തുറ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കും. ഇതിനുപുറമെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള രണ്ടാംഘട്ട പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളും പുരോ ഗമിക്കുകയാണ്. 11.2 കിലോമീറ്റർ നീളം വരുന്ന രണ്ടാംഘട്ട പദ്ധതിക്ക് ആവശ്യമായ ഭൂമിഏറ്റെടുക്കൽ പലയിടങ്ങളിലും പൂർത്തിയായിക്കഴിഞ്ഞു. ഭൂമി ഏറ്റെടുത്ത് കെഎംആർഎല്ലിന് കൈമാറുന്നത് ജില്ലാ ഭരണകൂടമാണ്. കാക്കനാട്, ഇടപ്പള്ളി സൗത്ത് വില്ലേ ജുകളിലെ ഭൂമിയാണ് ആദ്യം ഏറ്റെടുത്തത്. ഭൂഉടമ കൾക്കുള്ള നഷ്ടപരിഹാരം നൽകിയും കടയുടമകൾക്കും കച്ചവടക്കാർക്കുമായി പുനരധി വാസ പാക്കേജ് അനുവദിച്ചുമായിരുന്നു ഭൂമി ഏറ്റെ ടുക്കൽ.

രണ്ടാംഘട്ടത്തിനായി 2577 കോടിരൂപയുടെ പ്രൊജക്ട് റിപ്പോർട്ടാണ് കെഎംആർഎൽ കേന്ദ്ര ത്തിന് സമർപ്പിച്ചതെങ്കിലും ഇത് 1957.05 കോടിരൂപ യായി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചു. ഈ തുകയിൽ 1571.05 കോടിരൂപയും സംസ്ഥാനത്തിന്റെ വിഹിത മാണ്. ബാക്കി തുക മാത്രമെ കേന്ദ്രവിഹിതമായി നൽകുന്നുള്ളൂ. ഈ നിലയിൽ, പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് 2022 സെപ്തംബറിൽ കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിരുന്നു. അതിനുശേഷം പദ്ധതി യാഥാർത്ഥ്യ മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ ദ്രുതഗതിയിലാക്കി. വൈകാതെ, 1571.05 കോടിരൂപയുടെ സംസ്ഥാനവിഹിതം കൂടി ഉൾപ്പെ ടുത്തി പദ്ധതിക്കായി 1957.05 കോടി രൂപയുടെ പുതു ക്കിയ ഭരണാനുമതി നൽകി. കെഎംആർഎൽ നേരി ട്ടാണ് രണ്ടാംഘട്ടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത്.

രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന കാക്കനാട് സ്പെ



ഷ്യൽ ഇക്കണോമിക് സോണിന് സമീപമുള്ള മെട്രോ സ്റ്റേഷന്റെ എൻട്രി, എക്സിറ്റ് നിർമ്മാണം നേരത്തെ ആരംഭിച്ചിരുന്നു. തുടർന്ന് കിൻഫ്ര പാർക്ക്, ഇൻഫോ പാർക്ക്, ചിറ്റേത്തുകര സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി ഇക്കഴിഞ്ഞ ഓഗസ്റ്റിൽ ടെൻഡർ ക്ഷണിച്ചു. ഇതിന്റെ തുടർനടപടികൾ കൂടി പൂർത്തിയാക്കിയ ശേഷം മറ്റു സ്റ്റേഷനുകളുടെയും നിർമ്മാണത്തിനുള്ള നടപടി ആരംഭിക്കും. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെ 11 സ്റ്റേഷനുകളാണ് രണ്ടാംഘട്ടത്തിൽ ഉണ്ടാവുക. ഇപ്പോഴത്തെ സാഹചര്യത്തിൽ 2025 ആകുമ്പോഴേയ്ക്കും രണ്ടാംഘട്ട നിർമ്മാണം പൂർത്തിയാക്കി മെട്രോ സർവീസ് ആരംഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെടുന്നത്. അൻപതിനായിരത്തിലധികം ജീവനക്കാരുള്ള ഇൻഫോപാർക്കിലേക്ക് മെട്രോ എത്തുന്നതോടെ യാത്രക്കാരുടെ എണ്ണത്തിലും കെഎംആർഎല്ലിന്റെ വരുമാനത്തിലും വൻകുതിച്ചുചാട്ടം ഉണ്ടാകുമെന്നാണ് നിഗമനം.



## യാഥാർത്ഥ്യമായ സ്വപ്നം

യഥാർത്ഥത്തിൽ കൊച്ചി മെട്രോറെയിൽ വലിയൊരു സ്വപ്നസാക്ഷാത്ക്കാരം ആയിരുന്നു. 1999-ൽ ഇ.കെ. നായനാർ സർക്കാരായിരുന്നു ഇത്തരമൊരു പദ്ധതിക്കായി സാധ്യതാപഠനം നടത്തിയത്. പിന്നീട്, 2004-ൽ പദ്ധതിക്കുവേണ്ടി വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി. 2007-ലെ എൽഡിഎഫ് സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകുകയും ദക്ഷിണ റെയിൽവേയിൽനിന്നും അഡീഷണൽ ജനറൽ മാനേജരായി റിട്ടയർ ചെയ്ത ആർ. ഗോപിനാഥൻനായരെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. തുടർന്നുവന്ന സർക്കാരാണ് ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. മലയാളിയായ ഇ. ശ്രീധരൻ മുഖ്യഉപദേഷ്ടാവായുള്ള ഡെൽഹി മെട്രോറെയിൽ കോർപറേഷന് (ഡിഎംആർസി) ആയിരുന്നു നിർമ്മാണച്ചുമതല.

2009 ജൂൺ ഇരുപത്തിരണ്ടാം തീയതി പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ആസൂത്രണ കമ്മീഷൻ കൊച്ചി മെട്രോറെയിലിന് തത്വത്തിൽ അംഗീകാരം നൽകി. 2010 മാർച്ച് 19-ന് മെട്രോ അനുബന്ധ വികസനപദ്ധതികൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരവും ലഭിച്ചു. 2011 ജൂൺ പതിനെട്ടാം തീയതി മുഖ്യമന്ത്രി ചെയർമാനും ടോം ജോസ് എം.ഡി.യുമായി കെഎംആർഎൽ രൂപീകരിച്ചു. 2012 സെപ്തംബർ പതിമൂന്നിന് അന്നത്തെ പ്രധാനമന്ത്രി കൊച്ചി മെട്രോയുടെ നിർമ്മാണം ഉദ്ഘാടനം ചെയ്തു. 2013 സെപ്തംബർ 30-ന് കലൂരിൽ മെട്രോ റെയിലിന്റെ ആദ്യസ്റ്റേഷൻ നിർമ്മാണം ആരംഭിച്ചു. 2015 സെപ്തംബർ നാലിന് മെട്രോയുടെ പുതിയ ലോഗോയും ട്രെയിൻ ഡിസൈനും നിലവിൽ വന്നു. 2016 ജനുവരി പന്ത്രണ്ടാം തീയതി ആദ്യസെറ്റ് കോച്ചുകൾ മുട്ടം യാർഡിലെത്തി. പതിനൊന്ന് ദിവസങ്ങൾക്കുശേഷം യാർഡിൽ തന്നെ അവയുടെ പരീക്ഷണഓട്ടം തുടങ്ങി. മാർച്ച് 21-ന് മുട്ടം മുതൽ ഇടപ്പള്ളി വരെ പരീക്ഷണ ഓട്ടം നടത്തി. സുരക്ഷാ പരിശോധനയും നടപടിക്രമങ്ങളുമെല്ലാം പൂർത്തിയാക്കി 2017 ജൂൺ പതിനേഴാംതീയതി കൊച്ചി മെട്രോ റെയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

ആലുവ മുതൽ തൃപ്പൂണിത്തുറ വരെ 25 സ്റ്റേഷനുകളാണ് ആദ്യഘട്ടത്തിൽ കൊച്ചി മെട്രോയ്ക്കുള്ളത്. ആലുവ, പുളിഞ്ചോട്, കമ്പനിപ്പടി, അമ്പാട്ടുകാവ്, മുട്ടം, കളമശ്ശേരി, കൊച്ചി യൂണിവേഴ്സിറ്റി, പത്തടിപ്പാലം, ഇടപ്പള്ളി, ചങ്ങമ്പുഴ പാർക്ക്, പാലാരിവട്ടം, ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കലൂർ, ടൗൺഹാൾ, എം.ജി. റോഡ്, മഹാരാജാസ് കോളേജ്, എറണാകുളം സൗത്ത്, കടവന്ത്ര, എളംകുളം, വൈറ്റില, തൈക്കൂടം, പേട്ട, വടക്കേക്കോട്ട, എസ്.എൻ. ജംഗ്ഷൻ, തൃപ്പൂണിത്തുറ എന്നിവയാണ് ഈ സ്റ്റേഷനുകൾ. രണ്ടാംഘട്ടം പൂർത്തിയാകുന്നതോടെ പതിനൊന്ന് സ്റ്റേഷനുകൾ കൂടി പുതിയതായി വരും. ഇതിനിടെ, പദ്ധതിയുടെ മൂന്നാംഘട്ടമായി ആലുവയിൽനിന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്ക് മെട്രോറെയിൽ നിർമ്മിക്കണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.





പാർവതി. ആർ. നായർ

# മാറുന്ന ട്രെൻഡുകൾ

**ദശകങ്ങൾക്കു** മുമ്പ് ഒരു പരസ്യവീഡിയോയിൽ ഒരു പുതിയ ഉത്പന്നത്തെ അവതരിപ്പിച്ചുകൊണ്ട് ഒരമ്മ മകളോടിങ്ങനെ പറയുന്നു 'എല്ലാവരും അറിയട്ടെ.. നമ്മളും മോഡേൺ ആയെന്ന്' ഗൃഹോപകരണങ്ങളിൽ മുതൽ വ്യക്തിഗത ഉത്പന്നങ്ങളിൽ വരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ സൂചകമായി ഈ പരസ്യവാചകത്തെ അന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ഒരു കാലത്തു റേഡിയോയും ഫാനും സൈക്കിളുമൊക്കെ വീടുകളിലെ ആഡംബരവസ്തുക്കളായി ഗണിയ്ക്കപ്പെട്ടിരുന്നു. പരിണാമചക്രത്തിന്റെ തിരിയലിൽ അവയൊക്കെ നിഷ്പ്രഭമായി എന്ന് പറയാം.ഒരിയ്ക്കൽ നാം പടിയിറക്കിയ പലതും ഇന്ന് പഴയ പ്രതാപൈശ്വര്യങ്ങൾ വീണ്ടെടുത്തുകൊണ്ട് മടങ്ങിയെത്തുകയാണ്.

പ്ലാസ്റ്റിക്, സ്റ്റെയിൻലെസ്സ് സ്റ്റീൽ തുടങ്ങിയവയുടെ കടന്നുവരവ് നമ്മുടെ പരമ്പരാഗത ഉപകരണങ്ങളിൽ പലതിനെയും പുറത്താക്കുക തന്നെ ചെയ്തു. മിക്സിയും ഗ്രൈൻഡറും വന്നതോടെ അരകല്ലും ആട്ടുകല്ലും ഉരലും ഉലക്കയും തിരികല്ലും നിത്യനിദ്രയിലാണ്ടു. വാക്വം ക്ലീനർ ചൂലിനെ പുറത്താക്കി, മൺകലങ്ങളും ചട്ടിയും ചില ഉത്സവാഘോഷങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന ഉല്പന്നങ്ങളായി പരിണമിച്ചു. ചിരട്ടത്തവിയും കൂട്ടുകാരും സ്റ്റെയിൻലെസ്സ് സ്റ്റീലിനു വഴിമാറികൊടുത്തു. ഗൃഹോപകരണങ്ങളിൽ പലതും പ്ലാസ്റ്റിക്കിന്റെ സർവാധിപത്യമറിഞ്ഞു.

എന്നാൽ ഇന്ന് കാറ്റു തിരിച്ചുവീശുകയാണ്. സിഗ്മ റിസർച്ച് ആൻഡ് അനാലിസിസ് നടത്തിയ പുതിയ സർവ്വേ ആണ് സംരംഭകർക്കും പാരമ്പര്യ തൊഴിലുകാർക്കും സന്തോഷം പകരുന്നത്.

ഗൃഹങ്ങളിൽ ഉപയോഗിക്കുന്നതിലേയ്ക്കും, ഷോക്കേസുകളിലെ പ്രദർശനത്തിനായി പ്രാചീന ഗ്രാമീണ ഉപകരണങ്ങൾ തേടുന്നവരുണ്ട്. എന്നാൽ സ്റ്റാർ ഹോട്ടലുകൾ ഉൾപ്പെടെയുള്ള ഭക്ഷണശാല കളിൽ ഇവ ഇന്ന് ആവശ്യവസ്തുവായി മാറിയിരിക്കുന്നു. വിദേശങ്ങളിൽ വിരുന്നുകളിലും പൊതു ചടങ്ങുകളിലും അവരുടെ പരമ്പരാഗത ഉത്പന്നങ്ങളും ഉപകരണങ്ങളും വ്യാപകമായി നിരന്നുതുടങ്ങിയതാണ് നമ്മുടെ പോഷ് ഹോട്ടലുകളെയും ഒന്ന് മാറ്റിചിന്തിയ്ക്കാൻ പ്രേരിപ്പിച്ചത്. അതിന്റെ അനുരണനങ്ങളാണ് മലയാളക്കരയിലും ദൃശ്യമാവുന്നത്. ഇത് സംരംഭകർക്കും ഊർജ്ജം പകരുന്നു.

മൺമറഞ്ഞ ചില ഗ്രാമക്കാഴ്ചകൾ മടങ്ങിവരുന്നതിന്റെ ഒരു ഉദാഹരണം ചൂണ്ടിക്കാട്ടാം. നഗരങ്ങളിലും മറ്റും ആധുനികസജ്ജീകരണങ്ങളുള്ള ആഡിറ്റോറിയങ്ങളിലും കൺവെൻഷൻ സെന്ററിലുകളിലും ഗതകാല സ്മൃതികൾ ഉണർത്തിക്കൊണ്ട് നമ്മുടെ പഴയകാല ചായക്കടകൾ കൗതുകമുണർത്തും വിധം പുനഃസ്ഥാപിയ്ക്കുന്നത് ഇന്നൊരു കാഴ്ച തന്നെയാണ്. മരക്കരിയിട്ട് സമോവറിൽ വെള്ളം തിളപ്പിച്ചെടുക്കുന്ന ചൂടൻ ചായയും തൽക്ഷണം തയാറാക്കുന്ന നാടൻ പലഹാരങ്ങളും 'സപ്ലൈ' ചെയ്യുന്ന ഇത്തരം മിനിയേച്ചർ കടകളിൽ നാട്ടുവിശേഷങ്ങൾ അറിയിയ്ക്കുന്ന റേഡിയോയും പഴയകാല സിനിമാപോസ്റ്ററുകളും കാണാം.

ഇവിടെ വിഷയമതല്ല. പഴമയുടെ ഗരിമ തിരിച്ചറിയുന്ന പുതിയ ട്രെൻഡ് നാടെങ്ങും വ്യാപകമാകുന്നു എന്നതാണ്. പഴയകാല അടുക്കളകളിൽ ഭക്ഷ്യവസ്തുക്കൾ സൂക്ഷിച്ചിരുന്ന ഉറി, കലങ്ങളും മറ്റും ചരിയാതെ നിർത്തുന്ന തിരിക, വിവിധ സൈസുകളിൽപ്പെട്ട ചിരട്ടത്തവികൾ, ഭക്ഷണം, പ്രത്യേകിച്ചും പുഴുക്കുകൾ ഇളക്കാനുള്ള തുടുപ്പ്, തൈരു കടയുന്ന മത്ത് (കടകോൽ) ഇവയൊക്കെ ഉപഭോക്താക്കൾ ചോദിച്ചു തുടങ്ങിയിരിക്കുന്നു. അപ്പച്ചട്ടികൾ മുതൽ കൽച്ചട്ടികൾ വരെ തിരക്കിയെത്തുന്നവർ ഇന്നു ധാരാളം. പണ്ടുകാലത്തു കാപ്പിയും, ചായയും സംഭാരവുമൊക്കെ കുടിയ്ക്കാൻ ഉപയോഗിച്ചിരുന്ന കോപ്പകൾ, മൺകൂളുകൾ, വിവിധതരം കലങ്ങൾ ഇവയ്ക്കു ഡിമാൻഡ് ഏറെ!. പക്ഷെ ഒന്നുണ്ട് പണ്ടത്തെ പരുക്കൻ പ്രതലമല്ല, മറിച്ച് നന്നായി ഫിനിഷിങ് ഉള്ളവയാണ് ആളുകൾക്ക് ആവശ്യം. കയറുകൊണ്ട് നിർമ്മിയ്ക്കുന്ന ഉറിയും, തിരികയുമൊക്കെ അങ്ങനെതന്നെ. കണ്ണാടിപോലെ മിനുക്കിയ തവികൾ, ചിരട്ടകൊണ്ടുള്ള പാനപാത്രങ്ങൾ എന്നിവ വിദേശങ്ങളിലേയ്ക്കു കയറ്റി അയയ്ക്കുന്ന നിരവധി യൂണിറ്റുകൾ ഇന്നു



കേരളത്തിൽ കാണാം. ഇത്തരം ഉത്പന്നങ്ങൾക്കായി പരസ്യം ചെയ്യുന്ന വിദേശത്തെ ട്രേഡിങ്ങ് കമ്പനികളും ധാരാളമുണ്ട്. പ്രകൃതി സൗഹൃദ ഉത്പന്നങ്ങളോടുള്ള പ്രേമം ഇതിനൊരു കാരണമാണ്. പരിസ്ഥിതിപ്രശ്നങ്ങളുണ്ടാക്കുന്ന ഉത്പന്നങ്ങൾക്കെതിരെ ആഗോളതലത്തിൽ നടന്നു വരുന്ന പ്രചരണങ്ങളും ഇതിനു കാരണമാകുന്നു. ഔട്ട്ഡേറ്റഡ് എന്നു പറഞ്ഞു നാം തള്ളിയ ഉത്പന്നങ്ങളാണിന്നു നമ്മെ പരിഹസിച്ചുകൊണ്ട് സൂപ്പർതാരങ്ങളായി മടങ്ങിയെത്തുന്നത്. മധുരപ്ര

തികാരം പോലെ.

മേൽസൂചിപ്പിച്ച സർവ്വേ പ്രകാരം പുതിയ ഉപഭോക്താക്കൾ പഴമയിലേയ്ക്കു തിരിച്ചു നടക്കുന്നുവത്രേ. അഖിലേന്ത്യാതലത്തിൽ പ്രശസ്തമായ ഒരു ശതകോടിസ്ഥാപനത്തിനുവേണ്ടി നടത്തപ്പെട്ട സർവ്വേ പുതുതലമുറയുടെ മാറിവരുന്ന മനോഭാവങ്ങളിലേയ്ക്കാണത്രേ വിരൽ ചൂണ്ടുന്നത്. വിദേശങ്ങളിൽ നിന്നും കെട്ടിയിറക്കപ്പെട്ട ഭക്ഷണശൈലികളിൽ നിന്നും ലളിതഭക്ഷണത്തിലേയ്ക്ക് ന്യൂജെൻ മാറുന്നുവത്രേ. പിസ്സയും ബർഗറും കട്‌ലെറ്റുകളും മാറ്റി വടയും ചമ്മന്തിയും അവർ ശീലമാക്കുന്നു. ദോശയും, ഇഡ്ഡലിയും, പുട്ടും, ഇടിയപ്പവുമൊക്കെ തീൻമേശകളെ അലംകൃതമാക്കുന്നു. സ്ത്രീകളാണത്രേ പുരുഷന്മാരേക്കാൾ ഈ ട്രെൻഡിനു കുടപിടിയ്ക്കുന്നത്. ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള അവബോധം ഇതിനു കാരണമാവാം. സൗന്ദര്യസംരക്ഷണത്തിൽ അവരാണല്ലോ കൂടുതൽ ജാഗ്രത പുലർത്തുന്നത്.

പണ്ടൊരു മുദ്രവാക്യമുണ്ടായിരുന്നു. നാടൻ വാങ്ങു... നാട് നന്നാക്കൂ... എന്ന്! കരകൗശല വിദഗ്ധർക്കും കുലത്തൊഴിലുകാർക്കും ഇനി പ്രൊഫഷണലാകാം. കൂടുതൽ മികവിൽ ഉത്പന്നനിർമ്മിതി സാധിതമാക്കാൻ സർക്കാർ സഹായവും അവർക്കൊപ്പമുണ്ട്. പഴയ ആലകളും ഉലകളുമൊക്കെ ഇനി ആധുനികവൽക്കരിയ്ക്കാം. ഉത്പന്നങ്ങളുടെ പെർഫെക്ഷനും ഫിനിഷിങ്ങിനും ഇവ സഹായകമാവും. യന്ത്രവൽക്കൃത ചുറ്റുപാടിൽ ഉല്പാദനം വർദ്ധിപ്പിയ്ക്കാം. പക്ഷെ ഗുണമേന്മ ഉറപ്പാക്കണം.

കുട്ടയും മുറവും പുൽപ്പായയും തഴപ്പായയുമൊക്കെ ഇതുപോലെത്തന്നെ വിപണികളുടെ ഹരമാകുന്നു. വനത്തിൽ നിന്നും മറ്റും ശേഖരിയ്ക്കുന്ന കാട്ടുവള്ളികളും പുല്ലും കൈതോലയുമൊക്കെ പണ്ട് സൂര്യപ്രകാശത്തിൽ വാട്ടി വഴക്കം വരുത്തിയിരുന്നുവെങ്കിൽ ഇന്നവയൊക്കെ രാസപ്രക്രിയയിലൂടെ കൂടുതൽ ഈടുറ്റതാക്കിമാറ്റാം. കൂടുതൽ നിറവും, ഉറപ്പുമൊക്കെ ഉള്ള ഇത്തരം ഉത്പന്നങ്ങൾ വിപണിയിൽ ചൂടപ്പം പോലെ വിറ്റു തീരുന്നുണ്ട്. ഇത്തരം യൂണിറ്റുകൾക്ക് ഇനിയും വികസനപാതയിലൂടെ ഏറെ സഞ്ചരിയ്ക്കാം.

എത്നിക് പ്രോഡക്ട്സ്, ഇൻഡിജീനസ് പ്രോഡക്ട്സ്, എന്നൊക്കെ വിളിയ്ക്കപ്പെടുന്ന റൂറൽ/ട്രൈബൽ ഉത്പന്നങ്ങൾ ന്യൂ ഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ വിദേശികളെ ഏറെ ആകർഷിയ്ക്കുന്നു. 1987ൽ ആരംഭിച്ച മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായ ട്രൈഫെഡ് ഇത്തരം ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, കരകൗശലവിദഗ്ധർക്കുള്ള തീവ്രപരിശീലനം എന്നീ രംഗങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്നു.


ഈ രംഗങ്ങളിൽ താല്പര്യവും വൈദഗ്ധ്യവും ഉള്ളവരെ സംഘടിപ്പിച്ചുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കേരളത്തിൽ ഏറെ സാധ്യതകളാണുള്ളത്. നല്ല ഉത്പന്നങ്ങൾക്ക് വിപണി ഇന്നൊരു പ്രശ്നമേയല്ല. പക്ഷെ നല്ലൊരു ബാനറിന് കീഴിലാവണം എന്നു മാത്രം. സംസ്ഥാന വ്യവസായ വകുപ്പ് ഇക്കാര്യത്തിൽ സംരഭകർക്കൊപ്പമുണ്ട്.






ലോറൻസ് മാത്യു





# റബ്ബർ വ്യവസായം മാറ്റത്തിന്റെ പാതയിൽ

**മനുഷ്യ** ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തുന്ന ഒന്നാണ് റബ്ബർ. അത് കൊണ്ട് തന്നെ റബ്ബറുമായി ബന്ധപ്പെട്ട് ചെറുതും വലുതുമായ നിരവധി സംരംഭങ്ങൾ നമുക്കുണ്ട്. റബ്ബർ നേഴ്സറികൾ മുതൽ വൻകിട ടയർ ഫാക്ടറികൾ വരെ ഉദാഹരണങ്ങളായി എടുത്ത് കാണിക്കുവാൻ കഴിയും. ഇത് അനുബന്ധമായി സൃഷ്ടിച്ചിട്ടുള്ള സംരംഭങ്ങൾ അനവധിയുണ്ട്. നമ്മുടെ റബ്ബർ മരത്തിൽ നിന്നുള്ള കറ ഉപയോഗിക്കുന്ന സ്വാഭാവിക റബ്ബർ ഉൽപ്പന്നങ്ങൾ മുതൽ പെട്രോളിയം ഡെറിവേറ്റീവ് ആയ സിന്തറ്റിക് റബ്ബർ ഉൽപ്പന്നങ്ങൾ വരെ വിപണിയിൽ സുലഭമാണിന്ന്. വൈദ്യുതി ഉപയോഗിച്ചുള്ള വാഹനങ്ങളുടെ ഉപയോഗം ഇനി ലോകത്തിൽ വർദ്ധിക്കുമെന്നതിന് പക്ഷാന്തരമില്ല. ഇത് വ്യത്യസ്തമായ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായിരിക്കും സഹായകരമാവുക.

## റബ്ബറും ഇൻഡ്യയും

ലോകത്തിലെ മൂന്നാമത്തെ റബ്ബർ ഉൽപ്പാദന രാജ്യമാണിന്ന് ഇൻഡ്യ. സ്വാഭാവിക റബ്ബറിൻറെ ഉപഭോഗത്തിൽ ലോകത്ത് നാലാം സ്ഥാനവും സിന്തറ്റിക് റബ്ബറിൻറെ കാര്യത്തിൽ ലോകത്ത് അഞ്ചാം സ്ഥാനവും ഇൻഡ്യക്ക് ആണ്. ഇൻഡ്യയിലെ റബ്ബർ ഉപഭോഗത്തിൻറെ 50 ശതമാനവും വലിയ വാഹനങ്ങളുടെ ടയറിനായിട്ടാണ് ഉപയോഗിക്കപ്പെടുന്നത്. ചെരിപ്പുകൾക്കായി 12 ശതമാനവും സൈക്കിൾ ടയറിനും ട്യൂബിനുമായി 15 ശതമാനവും ഉപ യോഗിക്കപ്പെടുന്നു. ഒരു വർഷം ഏകദേശം 3000 കോടിയുടെ റബ്ബർ ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ റബ്ബർ ഉപഭോഗം ചെയ്യുന്നത് കേരളമാണ്. തൊട്ടടുത്ത സ്ഥാനം പഞ്ചാബും മഹാരാ ഷ്ട്രക്കുമാണ്. മുപ്പതോളം വൻകിട ഉൽപ്പാദ കരും 5600 ചെറുകിട വ്യവസായ സംരംഭക രുമായി ഏകദേശം 40 ബില്യണിന്റെ ബിസിനസാണ് ഇന്ത്യക്ക് ഈ മേഖല.

## നൂതന സാങ്കേതികതയും റബ്ബർ വ്യവസായവും

സാങ്കേതിക വിദ്യയുടെ വളർച്ച റബ്ബർ വ്യവസായങ്ങളിൽ ഏറെ മാറ്റങ്ങൾക്ക് വഴി മരുന്നിട്ടുണ്ട്. വ്യാവസായിക ലോകം മുഴുവൻ സുസ്ഥിരതയും പരിസ്ഥിതി സംരക്ഷണവു മെന്ന അജണ്ടയിലേക്ക് ചുവട് വെക്കുമ്പോൾ റബ്ബർ വ്യവസായങ്ങൾക്കും കാലാനുസൃതമായ മാറ്റങ്ങൾ സംഭവിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ റബ്ബറിലേക്കാണ് ഇപ്പോൾ ശ്രദ്ധ. ബയോ ഡിഗ്രേഡബിൾ ആയ റബ്ബർ സാധാരണയായിട്ടുള്ള എല്ലാ റബ്ബർ ഉൽപ്പന്നങ്ങളും നിർമ്മിക്കുവാൻ ഉപ യോഗിക്കാവുന്നതാണ്. എന്നാൽ ഇതിൻറെ ഉൽപ്പാദനം വളരെ വെല്ലുവിളികൾ നിറഞ്ഞതാണ്. റബ്ബറിൻറെ എല്ലാ സവിശേ ഷതകളും നിലനിർത്തിക്കൊണ്ട് തന്നെ ബയോ ഡിഗ്രേഡബിൾ ആക്കി നിലനിർത്തു കയെന്നത് വളരെയധികം സങ്കീർണ്ണമായയൊ ന്നാണ്. ആയതിനാൽ ഈ മേഖലയിൽ ഏറെ ഗവേഷണങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു.

സെൽഫ് ഹീലിങ്ങ് ടയറുകൾ വരും

**ലോകത്തിലെ മൂന്നാമത്തെ റബ്ബർ ഉൽപ്പാദന രാജ്യമാണിന്ന് ഇൻഡ്യ. സ്വാഭാവിക റബ്ബറിൻറെ ഉപഭോഗത്തിൽ ലോകത്ത് നാലാം സ്ഥാനവും സിന്തറ്റിക് റബ്ബറിൻറെ കാര്യത്തിൽ ലോകത്ത് അഞ്ചാം സ്ഥാനവും ഇൻഡ്യക്ക് ആണ്.**



നാളുകളിൽ മാർക്കറ്റ് ട്രെൻഡ് ആകുമെന്നാണ് ഈ രംഗത്തെ ഗവേഷകർ വിലയിരുത്തുന്നത്. റോഡിൻറെ കണ്ടീഷൻ തിരിച്ചറിഞ്ഞ് ടയറിൻറെ അവസ്ഥ സ്വയം മെച്ചപ്പെടുന്ന രീതിയാണിത്. ആയതിനാൽത്തന്നെ കൂടുതൽ കാലം ഈട് നിൽക്കുവാൻ ഇത്തരം ടയറുകൾക്ക് സാധിക്കും.

ഇൻഡസ്ട്രി 4 എന്ന പേരിൽ അറിയപ്പെടുന്ന എല്ലാ സാങ്കേതിക വിദ്യയും മറ്റെല്ലാ വ്യവസായങ്ങളിലെന്നത് പോലെ തന്നെ ഈ രംഗത്തും പ്രയോജനപ്പെടുന്നുണ്ട്.

ഇൻറർനെറ്റ് ഓഫ് തിങ്ങ്സ് എന്ന സാങ്കേതിക വിദ്യയുടെ ഉപയോഗം ഉൽപ്പാദനത്തിലും മാനേജ്മെൻറിലും ഏറെ മാറ്റങ്ങളുണ്ടാക്കുന്നുണ്ട്. റബ്ബർ ഉൽപ്പാദന യൂണിറ്റുകളുടെ പ്രെഡിക്റ്റീവ് മെയിൻറനൻസിന് ഏറെ പ്രയോജനമാണ് ഈ സാങ്കേതിക വിദ്യ. വിവിധങ്ങളായ സെൻസറുകൾ ഉപയോഗിച്ച് പ്ലാൻറ് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അപകടങ്ങൾ ഉണ്ടാകുവാനുള്ള സാഹചര്യങ്ങൾ പരമാവധി കുറച്ച് മുന്നമേ തന്നെ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ കഴിയുന്നു. ഇത് വഴി യന്ത്രങ്ങളുടെ പ്രവർത്തന കാലാവധി കൂട്ടുവാനും വെയ്സ്റ്റ് കുറക്കുവാനും സഹായകരമാകുന്നുണ്ട്. ആത്യന്തികമായി ലാഭം കൂട്ടുവാൻ കഴിയുന്നുണ്ടു വെന്നർത്ഥം. ക്വാളിറ്റി കൺട്രോൾ, കസ്റ്റമൈസഡ് പ്രോഡക്റ്റ് ഡവലപ്മെൻറ്, സപ്ലൈ ചെയിൻ ഒപ്റ്റിമൈസേഷൻ തുടങ്ങിയവയെല്ലാം ഫലപ്രദമായി നടപ്പിലാക്കുവാൻ ഇൻഡസ്ട്രി 4 വഴി കഴിയുന്നുണ്ട്.

ഇന്ന് ഏതൊരു ഉൽപ്പന്നവും ഉപഭോക്താവിൻറെ താൽപ്പര്യങ്ങൾക്കനുസൃതമായിട്ടാവണം എന്നതാണ് ട്രെൻഡ്. ഇവിടെയാണ് റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ 3 ഡി പ്രിൻറിങ്ങ് എന്ന സാങ്കേതിക വിദ്യയുടെ പ്രസക്തി. ഫ്യൂസഡ് ഡിപ്പോസിഷൻ മോൾഡിങ്ങ് എന്ന 3 ഡി പ്രിൻറിങ്ങ് ടെക്നോളജിയാണ് ഇവിടെ കൂടുതലായി ഉപയോഗപ്പെടുത്തുന്നത്. വ്യോമയാന രംഗത്തും ഓട്ടോമോട്ടീവ് ഇൻഡസ്ട്രിയിലുമൊക്കെ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് റബ്ബർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നത് ഏറെ ഫലപ്രദമായ ഒന്നാണ്. മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം പോലുള്ള സങ്കീർണ്ണത ആവശ്യപ്പെടുന്ന ഉൽപ്പാദന മേഖലയിലൊക്കെ ഈ സാങ്കേതിക വിദ്യ ഒരു മുതൽക്കൂട്ടാണ്.

താരതമ്യേന പുതിയ സാങ്കേതിക വിദ്യയായ നാനോ ടെക്നോളജി റബ്ബർ ഉൽപ്പാദന രംഗത്ത് വളരെയധികം മാറ്റങ്ങൾ കൊണ്ട് വന്നിട്ടുണ്ട്. വ്യത്യസ്തങ്ങളായ പ്രോപ്പർട്ടികളുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ നാനോ പാർട്ടിക്കിളുകൾ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നുണ്ട്. നാനോ പാർട്ടിക്കിളുകളായ സിലിക്കാ, കാർബൺ ബ്ലാക്ക് തുടങ്ങിയവയൊക്കെ ചേർത്ത് ഉണ്ടാക്കുന്നതായ റബ്ബർ ഉൽപ്പന്നങ്ങൾ നമുക്കാവശ്യമായ പ്രോപ്പർട്ടികളിലുണ്ടാക്കിയെടുക്കുവാൻ കഴിയുമെന്നത് പ്രോഡക്ട് ഡെവലപ്മെൻറ് രംഗത്ത് ഒരു ചെറിയ കാര്യമല്ല. ടയർ നിർമ്മാണത്തിനുപയോഗിക്കുന്ന റബ്ബറിലും ഇപ്പോൾ നാനോ പാർട്ടിക്കിളുകൾ ചേർക്കാറുണ്ട്. നിരന്തരമായ പഠന ഗവേഷണങ്ങൾ നടക്കുന്ന മേഖലയാണിത്. നാനോ മെറ്റീരിയലുകൾ ഉപയോഗിച്ചുള്ള റബ്ബർ ഉൽപ്പന്നങ്ങൾക്ക് അൾട്രാവയലറ്റ് രശ്മികളെ പ്രതിരോധിക്കുവാനുള്ള കഴിവ്



കൂടുതൽ ഉള്ളതിനാൽ ലൈഫ് കൂടുതലായിരിക്കും.

കറൻറ് കടത്തി വിടുവാൻ കഴിവുള്ള റബ്ബർ എന്നത് ഏതാനും നാളുകൾക്ക് മുന്നേയുള്ള പരീക്ഷണമാണ്. ഗവേഷകർ ഈ രംഗത്ത് ഏറെ മുന്നോട്ട് പോയിട്ടുമുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ പോളിമർ ഡിപ്പാർട്ട്മെൻറിലെ പ്രൊഫസർ ആയിരുന്ന ഡോ. റാണി തോമസ് ഈ രംഗത്തെ ലോക ത്തിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞയാണ്. വൈദ്യ ശാസ്ത്ര രംഗത്തും പ്രതിരോധ മേഖലയിലും ഒക്കെയുള്ള ഉപകരണങ്ങളുടെ നിർമ്മാണത്തിലുമൊക്കെ കണ്ടക്റ്റിങ്ങ് റബ്ബറുകൾ ഏറെ പ്രയോജനപ്പെടുന്ന യൊന്നാണ്. ഇലക്ട്രോണിക് ഗവേഷണ മേഖലയിലും ഏറെ മാറ്റങ്ങൾക്ക് വഴി മരുന്നിടുന്നയൊന്നാണ് കണ്ടക്റ്റിങ്ങ് റബ്ബറുകളുടെ ഉപയോഗം.

ലോകം സസ്റ്റയിനബിലിറ്റി എന്ന ആശയത്തിലേക്ക് ചുവടുകൾ വയ്ക്കുമ്പോൾ റബ്ബർ വ്യവസായവും റിസൈക്ലിഡ് എന്നതിലേക്ക് മാറിക്കൊണ്ടിരിക്കുന്നു ഇന്ന്. സാധ്യമായ എല്ലായിടത്തും റബ്ബർ പുനരുപ യോഗിക്കാമോ എന്നാണ് ഇപ്പോൾ നോക്കുന്നത്. റോഡുകളുടെ നിർമ്മാണത്തിന് ഇതുപയോഗിക്കുന്നത് ഇപ്പോൾ സാധാര ണമാണ്. എന്നാൽ അതിനുമപ്പുറം ഷൂ സോളും, പേവിങ്ങ് ടൈലുകളും, കൺവെയർ ബെൽറ്റുകളും വാഹനങ്ങളുടെ പാർട്സുകളു മൊക്കെ ഉണ്ടാക്കുവാൻ ഇതുപയോഗിക്കു വാൻ കഴിയും. ഇത് ചെറുകിട സംരംഭക സാധ്യതകൾ വർദ്ധിപ്പിക്കുന്നയൊന്നാണ്. കോൺക്രീറ്റ് മിക്സിൽ പോലും റിസൈക്കിൾ ചെയ്ത റബ്ബറുപയോഗിക്കുന്ന സാധ്യത യിലേക്ക് ഗവേഷണങ്ങൾ പുരോഗമി ക്കുന്നുണ്ട്.



**ലോകം സസ്റ്റയിനബിലിറ്റി എന്ന ആശയത്തിലേക്ക് ചുവടുകൾ വയ്ക്കുമ്പോൾ റബ്ബർ വ്യവസായവും റിസൈക്ലിഡ് എന്നതിലേക്ക് മാറിക്കൊണ്ടിരിക്കുന്നു ഇന്ന്. സാധ്യമായ എല്ലായിടത്തും റബ്ബർ പുനരുപയോഗിക്കാമോ എന്നാണ് ഇപ്പോൾ നോക്കുന്നത്. റോഡുകളുടെ നിർമ്മാണത്തിന് ഇതുപയോഗിക്കുന്നത് ഇപ്പോൾ സാധാരണമാണ്.**

“

വൽക്കനൈസേഷൻ എന്നത് വർഷങ്ങളായി റബ്ബർ വ്യവസായത്തിൽ കേൾക്കുന്നയൊരു പേരാണ്. റബ്ബറിനൊപ്പം സൾഫർ ചേർക്കുകയാണ് ഇവിടെ ചെയ്യുന്നത്. എന്നാൽ സൾഫറിന് പകരം സെലീനിയം പോലുള്ളവ ചേർത്ത് റബ്ബറിന്റെ പ്രോപ്പർട്ടീസിൽ മാറ്റങ്ങളുണ്ടാക്കുന്ന ഗവേഷണങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

പ്ലാസ്റ്റിക്കിനെപ്പോലെ തന്നെ മനുഷ്യ ജീവിതത്തോട് വളരെ ചേർന്ന് നിൽക്കുന്ന ഒരു മെറ്റീരിയൽ തന്നെയാണ് റബ്ബറും. സാങ്കേതിക വിദ്യ ഈ മേഖലയിൽ വരുത്തുന്ന മാറ്റങ്ങൾ നിത്യ ജീവിതത്തിലും പ്രതിഫലിപ്പിക്കപ്പെടുന്നുണ്ട്. ആയതിനാൽത്തന്നെ മാറ്റങ്ങൾ ചെറുകിട വ്യവസായ മേഖലക്ക് ഗുണകരമാകുമെന്നതിൽ പക്ഷാന്തരമില്ല. എന്നാൽ പുതിയ സംരംഭകർ ഇത് തിരിച്ചറിയുകയും പുത്തൻ ബിസിനസ്സ് സാധ്യതകളിലേക്ക് ചുവട് വെക്കുകയും വേണം.




# പൈപ്പ് ഫിറ്റിംഗ്സുകളുടെ വിപണി പിടിച്ചടക്കി

# 'സ്പിൻടെക്'

1986 ൽ നിരണത്ത് വീടിനോട് ചേർന്നായിരുന്നു സ്പിൻടെക് പ്രവർത്തനം തുടങ്ങിയത്. പതിനായിരം രൂപ മുതൽമുടക്കിൽ തുടങ്ങുന്ന വ്യവസായത്തിന് ഏറ്റവും അനുയോജ്യം വീട്ടിനരികിൽത്തന്നെ യാണല്ലോ. സ്വയംതൊഴിൽ ആകയാൽ എപ്പോൾ വേണമെങ്കിലും ജോലി ചെയ്യാം, വിശ്രമിക്കാം. വൺമാൻഷോയിൽ ഇതൊക്കെ ഒരു ജോബ് സാറ്റിസ്ഫാക്ഷൻ നേടിത്തരും. യാദൃശ്ചികമാ യിട്ടായിരുന്നു പ്ലാസ്റ്റിക് മോൾഡിങ്ങിലേക്ക് എത്തുന്നത്. ശരിക്കും തുടങ്ങാനാഗ്രഹിച്ചത് 'ഡൈ മേക്കിങ്' ആയിരുന്നു. എന്നാൽ പഠിച്ചത് അതാണെങ്കിലും ഒരു മോൾഡ് ഉണ്ടാക്കിയാൽ ട്രയൽ ചെയ്യാൻ എവിടെയും പോകണ്ടല്ലോ ചെറിയ ഒരു മെഷീൻ ഉണ്ടെങ്കിലെന്ന ചിന്തയും, അതിൽ നിന്നും ഒരു ചെറിയ സ്ഥിരവരുമാനം എന്ന വിചാരവും പ്ലാസ്റ്റിക് ഉത്പാദനത്തിന്റെ വഴിതുറന്നു. അധികം ദൂരം പോകാതെ, അധികം പരിചയമൊന്നുമില്ലാതെ നിർമ്മിക്കാവുന്ന വസ്തു എന്ന നിലയിലാണ് വയറിങ് പൈപ്പ് ഫിറ്റിംഗ് തിരഞ്ഞെടുത്തത്. അത് വിജയത്തിന്റെ ആദ്യപടി തന്നെ. അവരവർക്ക് കൈയിൽ ഒതുക്കാവുന്ന പദ്ധതിയേ ചെറിയ മുതൽ മുടക്കുകാർക്ക് വിജയമാകൂ.

ആര് ഏത് സംരംഭം തുടങ്ങിയാലും ഒരു പരിചയവും ഇല്ലാത്തയാളും അഭിപ്രായം പറഞ്ഞുവരും എന്നത് നമ്മുടെ നാട്ടിലെ ഒരു പ്രത്യേകതയാണ്. ടാക്സ് മുതലായവയ്ക്ക് രജിസ്ട്രേഷൻ പോലും എടുക്കരുതെന്നാണ് അതിലെ ഒരു ഉപദേശം ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരവും അതിൻറെ പിന്നിലെ അധ്വാനവും അതിലൂടെ ലഭിക്കുന്ന സംതൃപ്തിയും ഒക്കെയായി നിർമ്മിച്ച വസ്തുവും കൊണ്ട് ഉപഭോക്താവിന്റെ അടുത്തേക്ക് പോകുമ്പോൾ സർക്കാർ ഉദ്യോഗസ്ഥൻ വഴിയിൽ തടഞ്ഞുനിർത്തി ഒരു കുറ്റവാളിയായി പിഴ

ചുമത്തുമ്പോൾ ആത്മവിശ്വാസം എല്ലാം നഷ്ടപ്പെടില്ലേ. ശരിയായ രജിസ്ട്രേഷനുകൾ എല്ലാം എടുത്ത് മുമ്പോട്ട്പോയതിനാൽ ഒരു ഗുണം കിട്ടി. അക്കാലത്ത് പല സ്ഥലത്തും ജംഗ്ഷൻ ബോക്സ് ഉണ്ടാക്കിയിരുന്നെങ്കിലും വലിയ കടക്കാർക്ക് വിൽക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ബില്ല് ഇല്ലാത്തത് മാത്രമായിരുന്നു പ്രധാന കാരണം. അവിടെ ഒഴിഞ്ഞു കിടന്നിരുന്ന സാധ്യത, വളർച്ചയുടെ വഴി സുഗമമാക്കി. നല്ല ഉൽപ്പന്നം അഥവാ മേഖല തിരഞ്ഞെടുത്തശേഷം മാന്യമായി ബിസിനസ് ചെയ്യണമെങ്കിൽ എല്ലാവിധ രജിസ്ട്രേഷനും എടുക്കണമെന്നുതന്നെയാണ് സ്പിൻടെക്കിന്റെ അഭിപ്രായം. സമാധാനമായി കിടന്നുറങ്ങാൻ അത് ഉപകരിക്കും.

വളരെ സംതൃപ്തിയോടെ വ്യവസായം ഒന്നും രണ്ടും പേരെക്കൂടി ജോലിക്കുവെച്ച് കൂടുതൽ മെഷീനുകളും വാങ്ങി മുമ്പോട്ട് പോകുമ്പോൾ മനസ്സിൽ വലിയ സ്വപ്നങ്ങളാകും മുളയ്ക്കുക. വമ്പൻ വ്യവസായികളുടെ തുടക്കം ലളിതമായിരുന്നെന്നും മറ്റും അറിഞ്ഞ് അവരെപ്പോലെ കുതിക്കാനുള്ള അവസരങ്ങൾ തേടിപ്പിടിക്കലായി പിന്നെ. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥലം കിട്ടുകയും കൂടിയായപ്പോൾ ആത്മവിശ്വാസം അതിരുകടന്നു. പഠിച്ചതെങ്കിലും പരിചയമില്ലാത്ത മേഖലയിൽ ഒട്ടും സ്കിൽ ഇല്ലാത്ത ജോലിക്കാരെ വെച്ച് അത്യന്തം സ്കിൽ ആവശ്യമായ വർക്കുകൾ ഏറ്റെടുത്ത് ഡൈമേക്കിങ് ആരംഭിച്ചത് ഏറ്റവും വലിയ അബദ്ധമായെന്ന് മനസ്സിലാക്കി വന്നപ്പോഴേക്കും ലോൺ വളർന്ന് ജപ്തിയിൽ എത്തി. സാങ്കേതികവിദ്യ ഏറ്റവും പുതിയത് എടുത്തു മാത്രമേ ഇത്തരം വർക്കുകൾ എടുക്കാവൂ. 'കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ' എന്ന പഴമൊഴി അനുഭവത്തിൽ പഠിച്ചപ്പോഴേക്കും കമ്പനി ഏതാണ്ട് അടച്ചുപൂട്ടുന്ന നിലയിൽ എത്തി. വിദേശ ജോലി തരപ്പെടുത്തിയെങ്കിലും അവിടുത്തെ ശമ്പളം കൊണ്ട് കമ്പനിയുടെ കടം വീടില്ല എന്നുമനസ്സിലാക്കി തിരികെയെത്തി. പക്ഷേ എങ്ങിനെ ജോലി ചെയ്യണമെന്ന് വിദേശത്ത് ജോലിചെയ്തപ്പോൾ മനസ്സിലായി. ഉദാഹരണത്തിന് കറന്റ് പോയാൽ പിന്നെ വെറുതെയിരിക്കലായിരുന്ന പതിവിൽ നിന്നും മെഷീൻ വൃത്തിയാക്കലോ അതുമല്ലെങ്കിൽ പൂന്തോട്ടം വയ്ക്കലോ ഒക്കെയായി മാറിയാൽ, അതായത് കടന്നുപോകുന്ന സമയത്തിന്റെ വില മനസ്സിലാക്കി ഉണർന്നുപ്രവർത്തിച്ചാൽ, എത്ര വലിയ പ്രതിസന്ധിയും അതിജീവിക്കപ്പെടും.



കാലത്തിനൊത്ത് മാറണമെന്ന് എല്ലാവരും പറയുമെങ്കിലും അത് പ്രവർത്തിയിൽ വരുത്താൻ ഏറെ ശ്രമിക്കേണ്ടതായി വരും. മാർക്കറ്റിംഗിൽ നല്ല പരിചയമുണ്ടായിരുന്ന കസിനേയും കൂട്ടി പ്രൈവറ്റ് ലിമിറ്റഡ് ആക്കി മാറ്റിയിട്ട് പൈപ്പ് ഫിറ്റിംഗ്സിൽ ശ്രദ്ധ പതിപ്പിച്ചപ്പോൾ അത്യന്തം ശോചനീയമായ അവസ്ഥയിൽ നിന്നും പുനരുജ്ജീവനം തുടങ്ങി. അതുവരെ ആരും അത്ര ശ്രദ്ധിക്കപ്പെടാതെയിരുന്ന ഐഎസ്ഐ ലൈസൻസ് നേടിയപ്പോഴാണ് അത്





ദക്ഷിണേന്ത്യയിലെ തന്നെ ഈ രംഗത്തെ ആദ്യത്തെ ബിഐഎസ് മാർക്ക് കമ്പനിക്കാണെന്ന് അറിഞ്ഞത്.

ഏത് ഉൽപ്പന്നത്തിനും അതിൻറെ ഗുണനിലവാരത്തിന് ബിഐഎസ് പോലെയുള്ള അംഗീകാരം നേടിയെടുത്താൽ ഗവൺമെൻറ് അഥവാ പിഡബ്ല്യുഡി തുടങ്ങിയ വലിയ പദ്ധതികളിൽ വ്യാപാരസാധ്യത ഉറപ്പാക്കും. അവിടെയാകട്ടെ കാര്യമായ ചാഞ്ചാട്ടങ്ങൾ ഉണ്ടാവുകയുമില്ല. ഒരു മാർക്കറ്റ് ഉറപ്പായുള്ളപ്പോൾ കൂടുതൽ മേഖലകളിലേക്ക് ശ്രദ്ധ തിരിക്കാനും കഴിയും.

ഏതു മേഖലയിലായാലും പുതിയ ആശയങ്ങൾ കൂടി ചേർത്താൽ മാത്രമേ നിലനിൽപ്പ് ഉണ്ടാകു. അതിന് ഉപഭോക്താവുമായുള്ള ആശയവിനിമയം വളരെ ഗുണം ചെയ്യും. അതിനുള്ള അവസരങ്ങൾ പാഴാക്കരുത് എന്ന് മാത്രം. വലിയ ഡയറക്ടർ ആണെന്ന് വിചാരിച്ചിരിക്കാതെ സാധാരണ വയറിങ്ങുകാരുമായുള്ള ആശയവിനിമയങ്ങൾ വഴി പുതിയ ഡിസൈനുകൾ ഉണ്ടാക്കാനും അവയ്ക്ക് പേറ്റന്റ് എടുത്ത് വിപണനം ചെയ്യാനും കഴിഞ്ഞതോടെ കേരളത്തിലെ വയറിങ് പൈപ്പ് ഫിറ്റിംഗ്സിൽ ലീഡിങ് ബ്രാൻഡ് ആയി സ്പിൻടെക്.

**“**

**ഏതു മേഖലയിലായാലും പുതിയ ആശയങ്ങൾ കൂടി ചേർത്താൽ മാത്രമേ നിലനിൽപ്പ് ഉണ്ടാകു. അതിന് ഉപഭോക്താവുമായുള്ള ആശയവിനിമയം വളരെ ഗുണം ചെയ്യും. അതിനുള്ള അവസരങ്ങൾ പാഴാക്കരുത് എന്ന് മാത്രം.**

കാലുകൾ ഉറച്ചു കുത്താൻ സാധിക്കുന്ന നില വന്നാൽ പിന്നെ ഡൈവേർസിഫിക്കേഷനെപ്പറ്റി ചിന്തിക്കുമല്ലോ. സോളാർ പാനലുകളുടെ നിർമ്മാണവും എൽഇഡി ലൈറ്റുകളും (ഇലക്ട്രോണിക്സ് വ്യവസായം) എല്ലാം കൂടിച്ചേർത്ത് നാലു സ്ഥലത്തായി വ്യാപിച്ചു കഴിഞ്ഞ കമ്പനിയിൽ എന്നും ശ്രദ്ധിച്ചിരുന്ന ഒരു കാര്യം ജോലിക്കാരോടുള്ള സമീപനമാണ്. കമ്പനിയുടെ വളർച്ചയ്ക്ക് ആത്മാർത്ഥതയുള്ള ജോലിക്കാർ അനിവാര്യമാണല്ലോ.

മാന്യമായ ശമ്പളം നൽകുന്നതോടൊപ്പം ജോലി ചെയ്യുന്ന അന്തരീക്ഷം, ജോലിഭാരം പരമാവധി കുറയ്ക്കൽ എല്ലാം പ്രധാന പങ്ക് വഹിക്കുന്നു. ടേൺഓവർ സുതാര്യമായി അറിയിക്കുകയും അതിന്റെ അനുപാതികമായി അപ്പപ്പോൾ ബോണസ്സുകൾ നൽകുന്നതും 'ഫീൽ ഓഫ് ഓണർഷിപ്പ്' വികാരം വളരെയധികം ഉണ്ടാക്കും. അതാകട്ടെ വളർച്ചയുടെ പ്രധാന പോഷകവുമാണ്. നൂറിലധികം പേരുടെ കൂട്ടായ യത്നം നേരിട്ടറിഞ്ഞത് 2018ലെ വെള്ളപ്പൊക്കത്തിന്റെ അതിജീവനത്തിലായിരുന്നു.

മഹാപ്രളയത്തിൽ മുഴുവൻ യന്ത്രസാമഗ്രികളും സ്റ്റോക്കും മുഴുവനായും വെള്ളത്തിനടിയിൽ അഞ്ച് ദിവസത്തോളം കിടന്നു. പൂർണമായും പുതിയ



**മഹാപ്രളയത്തിൽ മുഴുവൻ യന്ത്രസാമഗ്രികളും സ്റ്റോക്കും മുഴുവനായും വെള്ളത്തിനടിയിൽ അഞ്ച് ദിവസത്തോളം കിടന്നു. പൂർണമായും പുതിയ കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലുള്ള മിഷ്യനുകളും വാഹനങ്ങളും അക്ഷരാർത്ഥത്തിൽ ഉപ യോഗശൂന്യമായപ്പോൾ എടുത്ത തീരുമാനം, പ്രതിസന്ധികളെ അതിജീവിക്കാനുള്ള മാതൃകയാക്കാവുന്നതായിരുന്നു.**

കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലുള്ള മിഷ്യനുകളും വാഹനങ്ങളും അക്ഷരാർത്ഥത്തിൽ ഉപ യോഗശൂന്യമായപ്പോൾ എടുത്ത തീരുമാനം, പ്രതിസന്ധികളെ അതിജീവിക്കാനുള്ള മാതൃകയാക്കാവുന്നതായിരുന്നു. ഇൻഷുറൻസ് കമ്പനികളുടെ പ്രതിനിധികളെ കാത്ത് നിൽക്കാതെ ഒറ്റക്കെട്ടായി പ്ലാന്റുകൾ വൃത്തിയാക്കാൻ അഞ്ചുദിവസവും 150 കിലോ സോപ്പും വേണ്ടിവന്നു. അതും നൂറോളം ആൾക്കാരുടെ അധ്വാനത്താൽ മാത്രം. ആദ്യം കംപ്രസ്സർ നേരെയാക്കി. രണ്ടാം ദിവസം തന്നെ ബ്ലോവർ സഹായത്തോടെ വണ്ടികൾ ഭാഗികമായി നേരെയാക്കിയതിനാൽ അത്യാവശ്യം ഓർഡറുകൾ കൊടുത്തു തുടങ്ങാൻ കഴിഞ്ഞു. നേരെമറിച്ച് ഗവൺമെന്റ് /ഇൻഷുറൻസ് സഹായം കാത്തിരുന്നെങ്കിൽ മാർക്കറ്റ് നഷ്ടപ്പെട്ടേനെ. ആനുകൂല്യങ്ങൾക്കായി കാത്തുനിൽക്കാതെ അവസരോചിതമായി പ്രവർത്തിച്ചതിനാൽ നഷ്ടം നന്നേ കുറയ്ക്കാൻ കഴിഞ്ഞു. കൃത്യമായി രേഖകൾ കൈകാര്യം ചെയ്തിരുന്നതിനാൽ ഇൻഷുറൻസ് കമ്പനികൾക്ക് ക്ലെയിംതരാനും കഴിഞ്ഞു. കൃത്യമായ ബാങ്കിങ്ങും ആപത്തുകാലത്ത് സഹായം ലഭിക്കാൻ കാരണമായി.

നാം ഏതു മേഖലയിലായിരുന്നാലും അവിടെ നടക്കുന്ന മാറ്റങ്ങൾ അറിഞ്ഞുകൊണ്ടേയിരിക്കണം.



ഇപ്പോൾ ഗൂഗിൾ തുടങ്ങിയ സെർച്ച് എഞ്ചിനുകളും യൂട്യൂബ് സംവിധാനങ്ങളും ഒക്കെയുണ്ട്. പക്ഷേ എക്സിബിഷനുകൾ നടക്കുമ്പോൾ നേരിട്ട് ബോധ്യമാകുന്ന പോലെ ആകില്ല ഇവയൊന്നും. അവരവരുടെ സാമ്പത്തികമോ മറ്റ് സാഹചര്യമോ അനുസരിച്ച് ഇത്തരം സ്ഥലങ്ങളിൽ പോകണം. ഓരോ യാത്രയും നിരവധി അറിവുകൾ നേടിത്തരും. ഒരുപക്ഷേ അപ്പപ്പോൾ അല്ലെങ്കിൽ മറ്റൊരിക്കൽ അതിന്റെ ഗുണം തീർച്ചയായും ലഭിക്കും. കമ്പനിക്കുള്ളിൽ വളരെയധികം ഓട്ടോമേഷൻ നടപ്പിലാക്കാൻ എക്സിബിഷനുകൾക്ക് പോകുന്ന പതിവ് ഗുണം ചെയ്തു. അവ പ്രോഡക്ടിവിറ്റിയും അതുവഴി ലാഭവും അതിനേക്കാളൊക്കെ ഏറെയായി നല്ല ജോലി അന്തരീക്ഷവും നേടിത്തരുന്നുണ്ട്.

കഴിഞ്ഞ 36 വർഷമായി വ്യവസായം നടത്തിയെന്നുപറയുമ്പോൾ എല്ലാവരും ചോദിക്കാറുള്ള ചില ചോദ്യങ്ങളുണ്ട്. ആദ്യത്തേത് രാഷ്ട്രീയ ഇടപെടലുകളെക്കുറിച്ചാണ്. ജോലിക്കാർക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകിക്കൊണ്ടിരിക്കുകയും, ആശയപരമായ വിയോജിപ്പുകൾ ഉണ്ടെങ്കിലും ഒരു ഏറ്റുമുട്ടലിന്റെ രീതിയിലേക്ക് പോകാതെ പിരിവുകളും മറ്റും നൽകിപോയാൽ ബുദ്ധിമുട്ടുകൾ ഉണ്ടാവില്ല എന്നാണ് പറയാറുള്ളത്. പിന്നെ ജോലിക്കാരുടെ സ്ഥിരത. ആനുകൂല്യങ്ങളും അംഗീകാരങ്ങളും കൊണ്ട് കൂടെനിർത്താൻ കഴിയുന്നുവെന്ന് തന്നെയാണ് വിശ്വാസം. ഉദ്യോഗസ്ഥമേധാവിത്വവും മറ്റും ചിലപ്പോൾ അലോസരപ്പെടുത്താറുണ്ടെങ്കിലും ഒരു ഉദ്യോഗസ്ഥന് ഏതെങ്കിലും കാരണത്താൽ ചിലപ്പോൾ കുറെ ബുദ്ധിമുട്ടിക്കാൻ കഴിഞ്ഞേക്കും. പക്ഷേ ക്ഷമയോടെ നേരിട്ടാൽ ആത്യന്തികമായി വിജയം കമ്പനിക്കു തന്നെയായിരിക്കുമല്ലോ. പല അനുമോദനങ്ങളും കിട്ടുമെങ്കിലും വ്യവസായ വകുപ്പിന്റെ 2013-14 ലെ ആലപ്പുഴ ജില്ലാ അവാർഡ് കമ്പനിക്ക് ഒരു അംഗീകാരംതന്നെയാണ്.

എത്രചെറുതായാലും ഒരു വ്യവസായം നടത്തുന്നയാൾ ചിന്തിക്കേണ്ടത് സമൂഹത്തിന് എന്ത്

**ജോലിക്കാർക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകിക്കൊണ്ടിരിക്കുകയും, ആശയപരമായ വിയോജിപ്പുകൾ ഉണ്ടെങ്കിലും ഒരു ഏറ്റുമുട്ടലിന്റെ രീതിയിലേക്ക് പോകാതെ പിരിവുകളും മറ്റും നൽകിപോയാൽ ബുദ്ധിമുട്ടുകൾ ഉണ്ടാവില്ല എന്നാണ് പറയാറുള്ളത്.**



നന്മ ചെയ്യാൻ കഴിയും എന്നുകൂടിയാണ്. ലാഭം ഏറിയും കുറഞ്ഞും ഇരിക്കും. ഒരു അംശം അവശത അനുഭവിക്കുന്നവർക്ക് നേരിട്ട് എത്തിക്കുക. സി. എസ്.ആർ. എന്നൊക്കെ പറഞ്ഞില്ലെങ്കിലും അങ്ങനെയുള്ള പ്രവർത്തികൾ ഇൻകംടാക്സ് കിഴിവുകളെക്കാളുപരി ഒരു സ്ഥാനം സമൂഹത്തിൽ നൽകും. അല്ലെങ്കിലും നാം ജീവിച്ചിരുന്നു എന്നതിന് ഒരു അടയാളം ബാക്കിയിട്ടുപോകണമെന്നാണല്ലോ ഏവരുടെയും ആഗ്രഹം. അതിനുള്ള മനോഭാവവും ആരോഗ്യത്തിനായി യോഗയും ചെയ്താൽ ബിസിനസ്സിൽ പുതിയ ആശയങ്ങളും മറ്റും തനിയെ വരും. അത് വളർച്ചയിലേക്ക് നയിക്കും. ആരോ പറഞ്ഞ ഒരു കാഴ്ചപ്പാട് കൂടി പറഞ്ഞുനിർത്തട്ടെ. ഒരു ബിസിനസ്സും ഒരേനിലയിൽ നിൽക്കുകയില്ല. മറ്റുള്ളവർ അതിനനുവദിക്കുകയുമില്ല. ഒന്നുകിൽ താഴോട്ട്, അല്ലെങ്കിൽ ഉയർച്ചയിലേക്ക്. ഉയർച്ചയിലേക്ക് പോകാൻ വേണ്ടത് ശ്രദ്ധ മാത്രമാണ്. സാങ്കേതികവിദ്യയിലെ മാറ്റവും പ്രവണതയും കൂടെയുള്ളവരുടെ തൃപ്തിയും നിയമവ്യവസ്ഥയോട് വിധേയത്വവും എല്ലാം മാനിക്കാമെങ്കിൽ ഏത് ബിസിനസ്സും വിജയിക്കും.

നിലവിൽ 55 വനിതകൾ ഉൾപ്പെടെ 91 തൊഴിലാളികൾ ജോലിചെയ്തുവരുന്നു. കൂടാതെ 30 ആളുകൾക്ക് പരോക്ഷമായും സ്പിൻടെക് തൊഴിൽ നൽകിവരുന്നു.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള മാന്നാർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സ്പിൻടെക്,

**മറ്റുള്ളവർ അതിനനുവദിക്കുകയുമില്ല. ഒന്നുകിൽ താഴോട്ട്, അല്ലെങ്കിൽ ഉയർച്ചയിലേക്ക്. ഉയർച്ചയിലേക്ക് പോകാൻ വേണ്ടത് ശ്രദ്ധ മാത്രമാണ്. സാങ്കേതികവിദ്യയിലെ മാറ്റവും പ്രവണതയും കൂടെയുള്ളവരുടെ തൃപ്തിയും നിയമവ്യവസ്ഥയോട് വിധേയത്വവും എല്ലാം മാനിക്കാമെങ്കിൽ ഏത് ബിസിനസ്സും വിജയിക്കും.**

ചെങ്ങന്നൂർ താലൂക്കിലെ ബുധനൂർ സ്വദേശിയായ ജി. പരമേശ്വരൻ നമ്പൂതിരി മാനേജിംഗ് ഡയറക്ടറായും അദ്ദേഹത്തിന്റെ സഹോദരനായ ജി. വിഷ്ണു നമ്പൂതിരി, പിതൃസഹോദരപുത്രൻ എം.എസ്. വിഷ്ണുനമ്പൂതിരി എന്നിവർ ഡയറക്ടർമാരായും പ്രവർത്തിക്കുന്ന ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ്.

### സ്ഥാപനത്തിന്റെ മേൽവിലാസം

സ്പിൻടെക് ഫിറ്റിംഗ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്
കുട്ടമ്പേരൂർ പി.ഒ., മാന്നാർ
ഫോൺ: 9495992724







# സംസ്ഥാന കരകൗശല അവാർഡ് വിതരണം

**സംസ്ഥാനത്ത്** കരകൗശല വ്യവസായം വികസിപ്പിക്കുന്നതിനും കരകൗശല വിദഗ്ധർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി കേരളത്തിലെ കരകൗശല മേഖലയിലെ വിദഗ്ധരിൽ മികവുള്ളവരെ കണ്ടെത്തി കേരള സംസ്ഥാന സർക്കാർ 2015– 16 മുതൽ കരകൗശല അവാർഡ് നൽകിവരുന്നു. കരകൗശല വിദഗ്ധരുടെ മികച്ച സംഭാവനകൾ, കരകൗശലവൈദഗ്ധ്യം, കരകൗശല വികസനം എന്നിവ കണക്കിലെടുത്താണ് അവാർഡുകൾ നൽകുന്നത്.

ധാരുശില്പങ്ങൾ, പ്രകൃതിദത്ത നാരുകളിൽ തീർത്ത ശില്പങ്ങൾ, ചൂരൽ, മുള എന്നിവയിൽ തീർത്ത ശില്പങ്ങൾ, ചരട്-നാട-കസവ് ഇവ ഉപയോഗിച്ചുള്ള ചിത്രത്തുന്നൽ, ലോഹശില്പങ്ങൾ, ചിരട്ട ഉപയോഗിച്ച് നിർമ്മിച്ച ശില്പങ്ങൾ, വിവിധ വസ്തുക്കളിൽ നിർമ്മിച്ചവ (മുകളിൽ ഉൾപ്പെടാത്തവ) എന്നീ ഏഴ് വിഭാഗങ്ങളിലായാണ് പുരസ്കാരം നൽകുന്നത്. ഉപയോഗപ്രദവും സൗന്ദര്യാത്മകവും, കലാപരവും, ക്രിയാത്മകവും, പരമ്പരാഗതവും, സാംസ്കാരിക പ്രാധാന്യമുള്ളതുമായ കരകൗശല ഉൽപ്പന്നങ്ങളെ കണ്ടെത്തുന്നതിലൂടെ പ്രസ്തുത മേഖലയെ കൂടുതൽ മികവുറ്റതാക്കുന്നതിനും കരകൗശല വിദഗ്ധരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കുന്നു. 2021 വർഷക്കാലത്തെ കരകൗശല അവാർഡ് അർഹരായ സംസ്ഥാന കരകൗശല വിദഗ്ധർക്ക് 2023 സെപ്റ്റംബർ 20 ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ വച്ച് ബഹു. വ്യവസായ– നിയമ– കയർ വകുപ്പ് മന്ത്രി പി. രാജീവ് പുരസ്കാരങ്ങൾ നൽകി.



## 2021 ലെ സംസ്ഥാന കരകൗശല അവാർഡ് ജേതാക്കളുടെ വിവരം

ദാരുശില്പങ്ങൾ വിഭാഗത്തിൽ തിരുവനന്തപുരം സ്വദേശി എൻ. കമലാസനനും, പ്രകൃതിദത്ത നാരുകളിൽ തീർത്ത ശില്പങ്ങൾ വിഭാഗത്തിൽ തിരുവനന്തപുരം സ്വദേശി എ.പ്രതാപും, ചൂരൽ, മുള എന്നിവയിൽ തീർത്ത കലാരൂപങ്ങൾ വിഭാഗത്തിൽ തൃശ്ശൂർ സ്വദേശി കെ.കെ.സുരേന്ദ്രനും, ചരട്, നാട, കസവ് ഇവ ഉപയോഗിച്ചുള്ള ചിത്രത്തുന്നൽ വിഭാഗത്തിൽ തിരുവനന്തപുരം സ്വദേശി എം.എൽ. ജയകുമാരിയും, ലോഹശില്പങ്ങൾ വിഭാഗത്തിൽ കണ്ണൂർ സ്വദേശി റ്റി.വി.രാജേന്ദ്രനും, ചിരട്ട ഉപ യോഗിച്ച് നിർമ്മിച്ച കലാരൂപങ്ങൾ വിഭാഗത്തിൽ തിരുവനന്തപുരം സ്വദേശി കെ.വി.മുരളിയും, വിവിധ വസ്തുക്കളിൽ നിർമ്മിച്ച കലാരൂപങ്ങൾ വിഭാഗത്തിൽ കോഴിക്കോട് സ്വദേശി എ.കെ. അരുണും ജേതാക്കളായി. കൂടാതെ ശശിധരൻ.പി.എ., ബാബു.കെ, സോണി രമേഷ്, വാസുദേവൻ ചെത്തിൽ, ജി.എസ്. ചന്തു നായർ, രമേശൻ.എം.കെ എന്നിവർക്ക് വിവിധ വിഭാഗത്തിൽ പ്രതിഭ തെളിയിച്ചതിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് സർട്ടിഫിക്കറ്റുകൾ നൽകുകയുമുണ്ടായി. ചടങ്ങിൽ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐ.എ.എസ്, സെക്രട്ടറി (വ്യവ) അജിത് കുമാർ ഐ.എ.എസ്, ആനീ ജൂല തോമസ് ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ഹരികിഷോർ ഐ.എ.എസ്, കൈത്തറി ഡയറക്ടർ കെ.എസ്. അനിൽ കുമാർ, ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ കെ. ആർ. ലെനിൻ രാജ്, അഡീഷണൽ ഡയറക്ടർമാരായ ജി. രാജീവ്, കെ.എസ്. കൃപകുമാർ എന്നിവർ സംബന്ധിച്ചു.




**ലോകത്താദ്യമായി** 'ഗ്രഫീൻ നയം' പ്രഖ്യാപിക്കുന്ന സംസ്ഥാനമാകാൻ ഒരുങ്ങുക യാണ് കേരളം. ഇതിനകം തയ്യാറാക്കിക്കഴിഞ്ഞ നയം ഒരിക്കൽ കൂടി ഫൈൻ ട്യൂൺ ചെയ്ത് ഉടനെ പ്രഖ്യാപിക്കും.

പ്രോട്ടോടൈപ്പിൽ നിന്ന് പൈലറ്റ് പ്രോജക്ടി ലേക്കും തുടർന്ന് വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനത്തിലേക്കും ക്രമാനുഗതമായി മുന്നേറുന്ന വിധമായിരിക്കും ഗ്രഫീൻ പാതയിലെ കേരള സഞ്ചാരം. ഗ്രഫീന്റെ വ്യാവസായികോൽ പാദനം ഇതിനകം തുടങ്ങിക്കഴിഞ്ഞ കൊച്ചി കാർബോറാണ്ടത്തിന്റെ വിജയാനുഭവം നമുക്ക് മുന്നിലുണ്ട്. ഗ്രഫീനിലെ റിസർച്ച് ആന്റ് ഡവലപ്മെന്റ് നേതൃത്വം ഡിജിറ്റൽ സർവ്വകലാശാ ലക്കും വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദന പദ്ധതികളുടെ നേതൃത്വം വ്യവസായ വകുപ്പിനും ആയിരിക്കും.

ഗ്രഫീൻ ഇൻക്യുബേഷൻ സെന്റർ സ്ഥാപി ക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ഇതിനാവശ്യമായ സ്ഥലം കണ്ടെത്താ നുള്ള നടപടികളും കിൻഫ്രയുടെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. ഗ്രഫീനിൽ കേരളം ഒരു മാതൃകയാകുമെന്ന് പ്രത്യാശിക്കുന്നു.

# MSME ഇൻഷുറൻസ് പദ്ധതി



സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പു വരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം. ഇ) ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു. MSME കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയുന്ന അപകട സാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 % വരെ റീ ഇംബേഴ്സ്മെന്റ് ആയി നൽകുന്ന ഈ പദ്ധതി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നു. 2023 – 24 സാമ്പത്തിക വർഷത്തിലേക്ക് 30 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 4 പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ഈ നാല് പൊതു മേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളുമായി സർക്കാർ ധാരണാപത്രം ഒപ്പിടുന്നു.

1. നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്
2. ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്
3. ന്യൂ ഇൻഡ്യ അഷുറൻസ് കമ്പനി ലിമിറ്റഡ്
4. യുണൈറ്റഡ് ഇന്ത്യ കമ്പനി ലിമിറ്റഡ്

## MSME കൾക്കുള്ള ഇൻഷുറൻസിന്റെ നേട്ടങ്ങൾ

പ്രകൃതി ദുരന്തങ്ങൾ, തീ പിടുത്തം, മോഷണം, അപകടങ്ങൾ, വിപണിയിലെ ഏറ്റക്കുറച്ചിലുകൾ തുടങ്ങിയവ മൂലം MSME കൾക്ക് ബിസിനസിന്റെ സുസ്ഥിരതയിൽ ദീർഘകാല പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന നഷ്ടങ്ങൾ സംഭവിക്കാം. MSME -കൾക്ക് അതീക്ഷിതമായ അപകടങ്ങളിൽ നിന്ന് സ്വയം പരിരക്ഷിക്കാനും ഏതെങ്കിലും നഷ്ടത്തിൽ നിന്ന് വേഗത്തിൽ കര കയറാനും മതിയായ ഇൻഷുറൻസ് പരിരക്ഷ സഹായിക്കും. ഇൻഷുറൻസ് കവറേജിലൂടെ സാമ്പത്തിക പരിരക്ഷ നൽകുന്നത് വഴി, MSME കളിൽ ആത്മവിശ്വാസം വളർത്തുന്നതിനും, അവരുടെ ബിസിനസ് വിപുലീകരിക്കാനും അവരെ പ്രോത്സാഹിപ്പിക്കും. ഒരു മത്സരാധിഷ്ഠിത ബിസിനസ് അന്തരീക്ഷത്തിൽ അഭിവൃദ്ധി പ്രാപിക്കാൻ എം.എസ്.എം.ഇ കളെ പ്രാപ്തരാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

## യോഗ്യതയും പരമാവധി ആനുകൂല്യവും

* ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള 4 പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിന്നും 2023 ഏപ്രിൽ ഒന്നിന് ശേഷമുള്ള കാലയളവിൽ ഭാരത് സൂക്ഷ്മ – ലഘു ഉദ്യം സ്കീമിന് കീഴിൽ ഇൻഷുറൻസ് എൻറോൾ ചെയ്തിട്ടുള്ള നിർമാണ സേവന വ്യാപാര

മേഖലയിലെ എല്ലാ എം. എസ്. എം. ഇ കളും ഈ പദ്ധതിയിൽ ആനുകൂല്യത്തിന് അർഹരാണ്.

* പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യം റീ ഇമ്പേഴ്സ്മെന്റ് രൂപത്തിലാണ് നൽകുന്നത്.
* സംരംഭങ്ങൾക്ക് അവരുടെ വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 % (പരമാവധി 2500 രൂപ വരെ) റീ ഇംമ്പേഴ്സ്മെന്റിന് അർഹതയുണ്ട്.

## അപേക്ഷാ രീതി

* പദ്ധതിയുടെ ഭാഗമായ നാല് പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിന്ന് വാർഷിക പ്രീമിയം മുഴുവൻ അടച്ച് MSME ഇൻഷുറൻസ് പോളിസി വാങ്ങണം.
* അടുത്തതായി അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ഓൺലൈൻ പോർട്ടൽ വഴി റീ ഇമ്പേഴ്സ്മെന്റിനുള്ള അപേക്ഷ നൽകണം. അപക്ഷയോടൊപ്പം UDYAM രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് പോളിസി ഡോക്യുമെന്റ്, പ്രീമിയം അടച്ച രസീത് എന്നിവയും സമർപ്പിക്കണം.
* ഡയറക്ടറേറ്റിൽ നിന്നും റീ ഇമ്പേഴ്സ്മെന്റ് തുക (അടച്ച വാർഷിക പ്രീമിയത്തിന്റെ 50 % അല്ലെങ്കിൽ 2500 രൂപ ഏതാണ് കുറവ്) കണക്കാക്കി എം. എസ്. എം. ഇ യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകും.

# മികച്ച സംരംഭങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സംസ്ഥാന പുരസ്കാരം; പോർട്ടൽ മന്ത്രി രാജീവ് ഉദ്ഘാടനം ചെയ്തു



**സംസ്ഥാനത്തെ** വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് പുരസ്കാരം നൽകുന്നു. 2023 ലെ സംസ്ഥാന പുരസ്കാരത്തിന് അപേക്ഷിക്കുന്നതിനുള്ള പോർട്ടൽ (http://awards.industry.kerala.gov.in) വ്യവസായ മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു.

സംരംഭങ്ങൾക്ക് വളരാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുന്ന ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പറഞ്ഞു. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംരംഭങ്ങളെ അംഗീകരിക്കുന്നതിലൂടെ മറ്റുള്ള സംരംഭങ്ങൾക്ക് മികവിനായി പരിശ്രമിക്കാനുള്ള പ്രചോദനമാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, അഡീഷണൽ ഡയറക്ടർമാരായ രാജീവ് ജി., ഡോ. കെ.എസ്. കൃപകുമാർ, ജോയിന്റ് ഡയറക്ടർമാരായ സിമി സി.എസ്, രാകേഷ് വി.ആർ, ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പങ്കെടുത്തു.

സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം, ലാർജ് ആൻഡ് മെഗാ വിഭാഗത്തിൽ ഉത്പാദന, സേവന, വ്യാപാര മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ, കയറ്റുമതി അധിഷ്ഠിത സംരംഭങ്ങൾ, ഉത്പാദന സ്റ്റാർട്ടപ്പുകൾ, വനിത, പട്ടികജാതി, പട്ടികവർഗ, ട്രാൻസ് ജെൻഡർ സംരംഭങ്ങൾ എന്നിവയ്ക്ക് പുരസ്കാരങ്ങൾ നൽകും

# ICAI ഹെൽപ്ഡെസ്ക്




2022–23 സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് രൂപം കൊടുക്കുക ഉണ്ടായി.

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

സംരംഭകത്വം പ്രോഹത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി പുതിയ സംരംഭങ്ങൾ ഇന്ന് കേരളത്തിൽ ഉയർന്നു വരുന്നുണ്ട്. ഇങ്ങനെ ഉയർന്നു വരുന്ന സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാകുന്നതിനായി വ്യവസായ വകുപ്പ് ധാരാളം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

സാമ്പത്തിക അച്ചടക്കമില്ലായ്മ, നിലവിലുള്ള സാമ്പത്തിക നിയമങ്ങളെ കുറിച്ചുള്ള അവബോധ കുറവ്, നിക്ഷേപ സമാഹരണ രീതികളെ കുറിച്ചുള്ള ധാരണയില്ലായ്മ തുടങ്ങിയവ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ നേരിടുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ടവയാണ്. ഇത്തരത്തിലുള്ള വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് സംരംഭങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഇന്ത്യയുമായി (ICAI) ധാരണാപത്രം ഒപ്പുവച്ചിരിക്കുന്നത്.

ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ലോകത്തിലെ രണ്ടാമത്തെ വലിയ പ്രൊഫഷണൽ ബോഡിയായ ICAI, രാജ്യത്ത് ചാർട്ടേഡ് അക്കൗണ്ടൻസിയുടെ തൊഴിൽ നിയന്ത്രിക്കുന്നതിനായി ചാർട്ടേഡ് അക്കൗണ്ടന്റ്സ് ആക്റ്റ്, 1949 (1949 ലെ ആക്ട് നമ്പർ XXXVIII) പ്രകാരം സ്ഥാപിതമായ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. കേരളത്തിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ത്രിശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ കളഅക യുടെ ചാപ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

വ്യവസായ വകുപ്പും ICAI യുമായുള്ള ധാരണപ്രകാരം കേരളത്തിലെ സംരംഭങ്ങളുടെ സാമ്പത്തികപരമായുള്ള പ്രശ്നങ്ങൾക്ക് പരിഹാരം

നിർദ്ദേശിക്കാനും, വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നതിനായും MSME ഹെൽപ്ഡെസ്കുകൾ ICAI സ്ഥാപിക്കും. ICAI ചാപ്റ്ററുകളുടെ ഓഫീസുകളിൽ എല്ലാ മാസത്തിലെയും ആദ്യത്തെ ശനിയാഴ്ച ആയിരിക്കും പ്രസ്തുത ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുന്നത്. പൊതുജനങ്ങൾക്ക് വിദഗ്ദ്ധരായ സാമ്പത്തിക പ്രഫഷണലുകളുടെ സേവനം സൗജന്യമായി ഈ ഹെൽപ്ഡെസ്കുകളിലൂടെ ലഭ്യമാകും. പുതുസംരംഭകർക്ക് തങ്ങളുടെ സംരംഭങ്ങൾ സുസ്ഥിരമായ ഒരു ബിസിനസ്സാക്കി വളർത്തിയെടുക്കാൻ വേണ്ട എല്ലാവിധ സാമ്പത്തിക മാർഗ്ഗനിർദ്ദേശങ്ങളും ഈ ഹെൽപ്ഡെസ്കുകൾ മുഖാന്തിരം ലഭ്യമാക്കാനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്.

ഇത്തരത്തിൽ സംരംഭങ്ങളേയും ICAI പോലുള്ള പ്രഫഷണൽ ബോഡികളെയും ഒരു കുടക്കീഴിൽ കൊണ്ടുവന്നു വിദഗ്ദ്ധ സേവനം സംരംഭങ്ങൾക്ക് ലഭ്യമാകുക വഴി വ്യാവസായിക വളർച്ചക്ക് അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ വ്യവസായ വകുപ്പ് പദ്ധതിയിടുന്നു.




**40 കോടി** രൂപയുടെ മാനുഫാക്ചറിങ് യൂണിറ്റ് ഗുജറാത്തിൽ തുടങ്ങണോ കർണാടകയിൽ തുടങ്ങണോ എന്ന ചോദ്യത്തിനൊടുവിൽ കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷത്തിൽ ആകൃഷ്ടരായി കാസർഗോഡ് ജില്ലയിലേക്ക് കടന്നുവന്ന സ്ഥാപനമാണ് സുപ്രീം ഡെകോർ.

ഉന്നതനിലവാരത്തിലുള്ള പാർടിക്കിൾ ബോർഡുകൾ നിർമ്മിച്ചുനൽകുന്ന സുപ്രീം ഡെകോർ പാർട്ടിക്കിൾ ബോർഡ് മാനുഫാക്ചറിങ് യൂണിറ്റ് മഹാരാഷ്ട്ര സ്വദേശി വിജയ് അഗർവാളും സഹോദരൻ അജയ് അഗർവാളും ചേർന്നാണ് പൂനെയിൽ ആരംഭിക്കുന്നത്. മികച്ച പ്രവർത്തനം സാധ്യമായതോടെ ഈ യൂണിറ്റ് വിപുലീകരിക്കാനുള്ള തീരുമാനം കൈക്കൊള്ളുകയും ഗുജറാത്തോ കർണാടകയോ ലക്ഷ്യസ്ഥാനമായി കാണുകയും ചെയ്തു. എന്നാൽ കേരളത്തിലെ പുതിയ വ്യവസായ നയവും കാസർഗോഡ് ലഭ്യമായ ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും കണ്ടറിഞ്ഞതിന് ശേഷം കേരളത്തിൽ യൂണിറ്റ് ആരംഭിക്കാമെന്ന് ഉടമകൾ തീരുമാനിക്കുകയായിരുന്നു. രണ്ട് വർഷത്തിനുള്ളിൽ ഒരുലക്ഷം സ്ക്വയർ ഫീറ്റ് കെട്ടിടമാണ് സുപ്രീം ഡെകോർ അനന്തപുരം വ്യവസായ പാർക്കിൽ നിർമ്മിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ 5 ഏക്കർ ഭൂമിയാണ് സുപ്രീം ഡെകോറിനായി അനുവദിച്ചിരുന്നത്. ഈ സ്ഥലത്ത് വളരെ വേഗത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും പദ്ധതി അതിവേഗം മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തതോടെയാണ് കാസർഗോഡിന് മുതൽക്കൂട്ടാകുന്ന സംരംഭത്തിന് 5 ഏക്കർ കൂടി ഭൂമി വീണ്ടും അനുവദിച്ചത്. പൂർണമായും പ്രവർത്തനക്ഷമമാകുമ്പോൾ 40 കോടി രൂപയുടെ നിക്ഷേപവും പ്രത്യക്ഷത്തിൽ 350 പേർക്കും പരോക്ഷമായി 400 പേർക്കും തൊഴിൽ ലഭ്യമാക്കുന്ന ഈ മാനുഫാക്ചറിങ് യൂണിറ്റ് കാസർഗോഡിൽ കഴിഞ്ഞ ദിവസം ആരംഭിച്ച 13 വ്യവസായ സ്ഥാപനങ്ങളിലൊന്നാണ്. ഉന്നത നിലവാരത്തിലുള്ള പാർട്ടിക്കിൾ ബോർഡുകൾ ലഭ്യമാകുന്നതോടെ ഓഫീസ് ടേബിൾ, കിച്ചൺ ക്യാബിനറ്റുകൾ തുടങ്ങിയവ നിർമ്മിച്ചു നൽകുന്ന മറ്റ് വ്യവസായങ്ങളും കേരളത്തിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.




കൺട്രോൾ & ഇൻസ്ട്രുമെന്റേഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നെയ്‌വേലി ലിഗ്നൈറ്റ് കോർപറേഷന്റെ ഓർഡർ കെൽട്രോണിന് ലഭിച്ചിരുന്നു.

**രാജ്യത്തെ** തെർമൽ പവർ പ്ലാന്റുകളിലേക്ക് കെൽട്രോണിന്റെ ഇൻസ്ട്രുമെന്റേഷൻ സംവിധാനങ്ങൾ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിഡിന്റെയും നെയ്‌വേലി ലിഗ്നൈറ്റ് കോർപറേഷന്റെയും താപവൈദ്യുതനിലയങ്ങളിൽ വിവിധ ഇലക്ട്രോണിക്സ് സംവിധാനങ്ങൾ നിർമ്മിച്ചു നൽകി വീണ്ടും കെൽട്രോൺ മാതൃക തീർക്കുകയാണ്. താപവൈദ്യുത നിലയങ്ങളിലെ ഫർണ്ണസ്, ബോയിലർ എന്നിവയുടെ പ്രവർത്തനത്തിനാവശ്യമായ വായുമർദ്ദത്തിന്റെ തോത് നിയന്ത്രിക്കുന്ന ന്യൂമാറ്റിക് ആക്ചുവേറ്ററുകൾ നിർമ്മിച്ചുനൽകുന്നതിനായി ഭെല്ലിന്റെ തമിഴ്നാട്ടിലുള്ള ഉത്തങ്കുടി ആന്ധ്രാപ്രദേശിലുള്ള യദാദ്രി താപവൈദ്യുത നിലയങ്ങളിൽ നിന്ന് 2.5 കോടി രൂപയുടെ ഓർഡറുകൾ കഴിഞ്ഞ സാമ്പത്തിക വർഷം കെൽട്രോണിന് ലഭിച്ചിരുന്നു. 150 ന്യൂമാറ്റിക് ആക്ച്ചുവേറ്ററുകളും അനുബന്ധ സംവിധാനങ്ങളും നിർമ്മിച്ചു നൽകുന്നതിനായിരുന്നു ഓർഡർ. ഇതിൽ ഉത്തങ്കുടി താപവൈദ്യുത നിലയത്തിനുള്ള ഓർഡർ കെൽട്രോൺ പൂർണമായും നൽകിക്കഴിഞ്ഞു. യദാദ്രി താപവൈദ്യുത നിലയത്തിന് വേണ്ടിയുള്ളവയുടെ ഓർഡർ 90 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ന്യൂമാറ്റിക് ആക്ചുവേറ്ററുകൾ നിർമ്മിച്ചു നൽകുന്നതിനായി അന്തർദേശീയ തലത്തിൽ നിന്നും ഓർഡറുകൾ കെൽട്രോണിന് ലഭിക്കുന്നുണ്ട്.

കൺട്രോൾ & ഇൻസ്ട്രുമെന്റേഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നെയ്‌വേലി ലിഗ്നൈറ്റ് കോർപറേഷന്റെ ഓർഡർ കെൽട്രോണിന് ലഭിച്ചിരുന്നു. താപവൈദ്യുത നിലയത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ലിഗ്നൈറ്റ് ഹാൻഡ്‌ലിംഗ് & സ്റ്റോറേജ് സിസ്റ്റത്തിന് വേണ്ടിയുള്ള പ്ലാന്റിന്റെ പ്രോഗ്രാമബിൾ ലോജിക് കൺട്രോളർ സംവിധാനം നവീകരിക്കുന്നതിനുള്ള പ്രവർത്തനമാണ് കെൽട്രോൺ കൺട്രോൾസ് ഏറ്റെടുത്ത് പൂർത്തിയാക്കിയിരിക്കുന്നത്. ഇതിലേക്കായി നിർമ്മിച്ച ഇൻസ്ട്രുമെന്റേഷൻ പാനലുകൾ 2023 സെപ്തംബർ 8 ന് തമിഴ്നാട്ടിലെ നെയ്‌വേലി പവർ പ്ലാന്റിലെത്തിച്ചു.

ഇന്ത്യയിലെ വിവിധ വ്യവസായ സ്ഥാപനങ്ങൾക്ക് വേണ്ടി കൺട്രോൾ & ഇൻസ്ട്രുമെന്റേഷൻ സംവിധാനങ്ങൾ നിർമ്മിക്കുന്ന കെൽട്രോൺ കൺട്രോൾസ് കൂടുതൽ ഓർഡറുകൾ നേടിയെടുത്ത് ഈ വർഷവും മുന്നേറ്റം സൃഷ്ടിക്കാനുള്ള ശ്രമം തുടരുകയാണ്.

നിലമ്പൂരിൽ നിന്നുള്ള പുതിയ ടയർ ബ്രാന്റായ സിറ്റ്കോ ടയറിന്റെ ഉദ്ഘാടനം ബഹു: വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് സെപ്റ്റംബർ മാസം 5 ന് നിർവഹിച്ചു. പാണക്കാട് സയ്യ്ദ് ഹമീദലി ശിഹാബ് തങ്ങൾ ചെയർമാനായിക്കൊണ്ട് മാനുഫാക്ചറിങ്ങ് മേഖലയിൽ കേരളത്തിൽ ആരംഭിക്കുന്ന പുതിയ സംരംഭത്തിലൂടെ 200ലധികം ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 25 കോടി രൂപ ചിലവിൽ 3 ഏക്കർ ഭൂമിയിൽ ഏറനാട് വിജയപുരത്ത് ആരംഭിച്ചിരിക്കുന്ന കമ്പനിയിൽ നിലവിൽ ബൈക്ക്, സ്കൂട്ടർ, ഓട്ടോറിക്ഷ എന്നീ വാഹനങ്ങളുടെ ടയറുകളാണ് നിർമ്മിക്കുന്നത്.

റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമാണ രംഗത്ത് കേരളത്തിൽ അനന്തമായ സാധ്യതകളാണുള്ളത്. വ്യവസായ വകുപ്പ് ഇത്തരം ഉൽപന്നങ്ങളുമായി വിപണിയിലെത്തുന്നവർക്ക് മികച്ച പിന്തുണയാണ് നൽകിവരുന്നത്. വളരെ പെട്ടെന്ന് തന്നെ വ്യവസായങ്ങളാരംഭിക്കുന്നതിനും തടസങ്ങളില്ലാതെ നടത്തിക്കൊണ്ടുപോകുന്നതിനും ഇപ്പോൾ കേരളത്തിൽ സാധിക്കുന്നുണ്ട്. പുതിയ വ്യവസായ നയം പ്രകാരം റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് മികച്ച പ്രോത്സാഹനമാണ് സർക്കാർ നൽകുന്നത്. 1050 കോടി രൂപയുടെ റബ്ബർ പാർക്കും കോട്ടയം ജില്ലയിൽ ആരംഭിക്കുന്നുണ്ട്. ഇതിന്റെ




കൂടി ഭാഗമായി ടയർ നിർമാണ, വിപണന രംഗങ്ങളിലും മാറ്റമുണ്ടാകുന്നു എന്നാണ് പുതിയ ടയർ കമ്പനിയുടെ വരവോട് കൂടി ബോധ്യപ്പെടുന്നത്.

Volume 56 Issue 1
October 2023

Vyavasaya Keralam
MONTHLY

₹ 30
Date of publication-
16th October 2023


# വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ



## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
**വ്യവസായ കേരളം**

**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 6238302158

Email: vyavasayakeralam@gmail.com

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
**വ്യവസായ കേരളം**
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം


Printed and published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
and printed atAkshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174. and published at Thiruvananthapuram

Editor : Biju P.B.